# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.10/ 1827/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 07/09/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.10/ 1827/2023 തീയ്യതി: 07/09/2023

## മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-10-2022 മുതൽ 24-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ചിത്രലേഖ കെ കെ,കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-07-2023 | 03-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-07-2023 | 03-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ദിനേശൻ .എം ഓഡിറ്റ് ഓഫീസർ
ശ്രീ അബ്ദുസ്സലാം.പി ,സീനിയർ ഗ്രേഡ് ഓഡിറ്റർ (20-08-2023 വരെ)
ശ്രീ. മുഹമ്മദ് നൗഷാദ്. എ കെ, ഓഡിറ്റർ
ശ്രീമതി സക്കീന.കെ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ വിജിത് ടി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.അയിഷ റഹ്ഫത്ത് കോയ | സെക്രട്ടറി | 01-04-2022 | 09-05-2022 |
| | | 30-05-2022 | 31-03-2023 |
| ശ്രീമതി ബൽക്കീസ് ചീരോത്ത്(AS) | സെക്രട്ടറി-**ഇൻ**-ചാ**ർജ്ജ്** | 10-05-2022 | 29-05-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ. ബിപിൻ എൻ.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 23-05-2022 |
| ശ്രീമതി സജിന ഒ | അസിസ്റ്റന്റ് എഞ്ചിനിയർ | 24-05-2022 | 26-09-2022 |
| ഡോ. സരിത വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീ. പി.എസ്. ശിവപ്രസാദ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-07-2022 |
| ശ്രീമതി ബിസ്ന ഒ | ഫിഷറീസ് ഇൻസ്പെക്ടർ | 01-08-2022 | 31-03-2023 |
| ശ്രീമതി. മിനിമോൾ ടി.കെ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ. രമ്യ രവീന്ദ്രൻ | വെറ്ററനറി സർജൻ | 01-04-2022 | 22-06-2022 |
| ഡോ. ഫസീൻ മുഹമ്മദ് എം ടി | വെറ്ററനറി സർജൻ | 23-06-2022 | 13-02-2023 |
| ഡോ. നർമ്മദ | വെറ്ററനറി സർജൻ | 14-02-2023 | 31-03-2023 |
| ശ്രീമതി ഷീജ ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. രാജേഷ്. വി.വി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ ശ്രീകാന്ദ് എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഗിരിജ എം | കൃഷി ഓഫീസർ | 01-04-2022 | 30-09-2022 |
| ശ്രീ. മഹേഷ്.ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-09-2022 | 31-03-2023 |
| ശ്രീമതി അമൃത കെ എസ് | കൃഷി ഓഫീസർ | 01-10-2022 | 14-02-2023 |
| ശ്രീമതി അമൃത ഉണ്ണി എം | കൃഷി ഓഫീസർ | 15-02-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സ**ർ**ട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകക**ൾ** തമ്മി**ൽ** പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ഇ**ൻ**കം ഓവ**ർ** എക്സ്പെന്റിച്ച**ർ** തുക തെറ്റായി രേഖപ്പെടുത്തി | 1-1-4 |
| 6 | ആസ്തി രജിസ്റ്റ**ർ** കാലികമാക്കിയില്ല | 1-1-5 |
| 7 | പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | ബജറ്റ് തയ്യാറാക്കൽ നടപടി ക്രമം -രേഖകൾ ഹാജരാക്കിയില്ല | 1-2-1 |
| 10 | സാമ്പത്തിക വിശകലനം. | 1-3 |
| 11 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്- അപാകത | 1-4-1 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാ**ൻ** അവശേഷിക്കുന്ന മു**ൻ**കൂറുകൾ - അവലോകനം | 1-11 |
| 20 | ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ യന്ത്രവൽകൃത പ്ലാന്റും മറ്റും പ്രവർത്തിക്കുന്നു. | 1-12 |
| 21 | നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ വാർത്താവിനിമയ ഗോപുരങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 22 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി- വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-14 |
| 23 | വിഭവസമാഹരണം സംബന്ധിച്ച അവലോകനം | 1-15 |
| 24 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-16 |
| 25 | പോഷകാഹാര വിതരണം -അധിക തുക നൽകി | 1-17 |
| 26 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അധിക തുക നൽകി | 1-18 |
| 27 | പോഷകാഹാര വിതരണം -അപാകതകൾ | 1-19 |
| 28 | കംപ്യൂട്ടർ ലഭ്യമാവുകയോ തുക തിരികെ ലഭ്യമാക്കുകയോ ചെയ്തില്ല | 1-20 |
| 29 | പ്രൊജക്ട് പൂർത്തീകരണം വൈകിയത് - വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-21 |
| 30 | വി.ഇ.ഒ ഓഫീസിലേക്ക് പ്രിന്റർ- സ്റ്റോക്ക് അപാകത | 1-22 |
| 31 | ലൈഫ് ഭവന നിർമ്മാണം (എസ്.സി) പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-23 |

| | | |
|---|---|---|
| 32 | പരിരക്ഷ പദ്ധതി അപാകതകൾ | 1-24 |
| 33 | പി.എച്ച്.സി/പരിരക്ഷ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-25 |
| 34 | പി.എം.എ.വൈ വിഹിതം - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-26 |
| 35 | പി.എച്ച്.സി കെട്ടിട വാടക - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-27 |
| 36 | പി.എം.എ.വൈ വിഹിതം - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-28 |
| 37 | പി.എച്ച്.സി വാക്സിനേഷൻ സെന്റർ വാടക - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-29 |
| 38 | പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - തുടർ നടപടി ഇല്ല | 1-30 |
| 39 | പദ്ധതി രൂപീകരണ ചെലവുകൾ - രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-31 |
| 40 | മുൻകൂർ തുക നൽകി - കമ്പ്യൂട്ടർ / പ്രിന്റർ ലഭ്യമായില്ല | 1-32 |
| 41 | രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനം പ്രവർത്തിക്കുന്നു. | 1-33 |
| 42 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ | 1-34 |
| 43 | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല. | 1-35 |
| 44 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കംപ്യൂട്ടറുകൾ - കംപ്യൂട്ടർ ലഭ്യമായിട്ടില്ല | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/05.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 05.07.2023തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

മലപ്പുറം
തീയതി: 08-08-2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### 1-1-1 എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (₹ 996706), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹14649408) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-4 ഇൻകം ഓവർ എക്സ്പെന്റിച്ചർ തുക തെറ്റായി രേഖപ്പെടുത്തി

ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക സംഗ്രഹം പ്രകാരം വരവ് - ചെലവ് = ₹146593260 - ₹140097032 = ₹6496228ആണ്. മുൻകാല വരവ് - മുൻകാല ചെലവ് = ₹22371 - ₹69160= ₹(-)46789 ആണ്. എന്നാൽ വാർഷിക കണക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രികയിൽ ഇത് ₹46789 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കാരണത്താൽ, മുൻകാല വരവ് ചെലവുകൾ ക്രമീകരിച്ചതിന് ശേഷമുള്ള ഇൻകം ഓവർ എക്സ്പെന്റിച്ചർ തുകയായി ₹6496228+(₹-46789) = ₹6449439എന്ന് രേഖപ്പെടുത്തുന്നതിന് പകരം ₹6496228+₹46789 = ₹6543017 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷത്തെയും മുൻവർഷത്തെയും ബാലൻസ് ഷീറ്റുകളിലെ B1 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകകൾ തമ്മിലുള്ള വ്യത്യാസം ₹27192074 - ₹20742635 = ₹ 6449439ആണ്. ട്രയൽ ബാലൻസിൽ 310900101 – Excess Of Income Over Expenditure ശീർഷകത്തിൽ തൻവർഷ തുകയായ ₹ 6449439രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മുൻവർഷ നീക്കിയിരിപ്പായ ₹20742635 തന്നെയാണ് തൻവർഷ നീക്കിയിരിപ്പായും

രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

## 1-1-6 പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കുന്നില്ല.

31-03-2023ലെ ILGMS ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ തേഞ്ഞിപ്പലം സർവ്വീസ് കോപറേറ്റീവ് ബാങ്കിന്റെ (A/C N0:1084) Directly Credited/debited ഇനത്തിൽ 17-08-2020 മുതലുള്ള തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നുണ്ട്.ആയത് പരാമർശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പെൻഡിംഗ് ടാസ്ക് മുഖേന 2023 മാർച്ചിൽ റീകൺസിലിയേഷൻ നടത്തിയതു കൊണ്ടാണ് അപ്രകാരം വന്നത് എന്ന മറുപടിയാണ് ലഭിച്ചത്.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീയതി. 26-03-2022 | 2/1 തീയതി. 27-02-2023 |

## 1-2-1 ബജറ്റ് തയ്യാറാക്കൽ നടപടി ക്രമം -രേഖകൾ ഹാജരാക്കിയില്ല

1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കേണ്ടതാണ്. 26.03.2022 ലെ 1ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച താഴെപറയുന്ന രേഖകൾ ഹാജരാക്കിയില്ല

1.വിവിധ സ്ഥാപനങ്ങളിലെ തലവൻമാർ സമർപ്പിക്കേണ്ട Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസൽ

2.പഞ്ചായത്ത് ഓഫീസിന്റെ പ്രൊപ്പോസൽ Annexure 3&4 പ്രകാരം സെക്രട്ടറി തയ്യാറാക്കിയത്

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത് Annexure 5.1&5.2

4.ബജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതു സംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയതായോ കാണുന്നില്ല.

5.ബഡ്ജറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടില്ല.
സെക്ഷൻ 214(3) പ്രകാരം -ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവുമായിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ് 6. ബജറ്റ് തയ്യാറാക്കുമ്പോൾ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നിർദേശങ്ങൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(31/03-8-23)ന് മറുപടി ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 32791281 |
| വരവ് | 163883836 |
| ആകെ | 196675117 |
| ചെലവ് | 149234428 |
| നീക്കിയിരിപ്പ് | 47440689 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21099800 | 21099800 | 20946459 | 153341 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7434413 | 7434413 | 6709545 | 724868 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10455000 | 10455000 | 8650051 | 1804949 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5560000 | 5560000 | 3794411 | 1765589 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-un Tied | 0 | 3529124 | 3529124 | 1199000 | 2330124 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 0 | 7971747 | 7971747 | 4201483 | 3770264 |
| ബി-ഫണ്ട് | 0 | 37843700 | 37843700 | 37843700 | 0 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്- അപാകത

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ സി ആർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത ഇനങ്ങളിലെ ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ സി ആർ |
|---|---|---|
| വികസന ഫണ്ട് ജനറൽ | 19957134 | 20946459 |
| എസ് സി പി | 7315431 | 6709545 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 8492235 | 8650051 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2022-23 | 200 | 156357119 | 149 | 55537761 | 0 | 51 | 74.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6199 | 1012396 | 1018595 | 987153 | 31442 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27099527 | 27099527 | 27099527 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2670400 | 257 |
| വിധവാപെൻഷൻ | 9259400 | 931 |
| വാർദ്ധക്യകാലപെൻഷൻ | 20989300 | 2206 |
| വികലാംഗപെൻഷൻ | 4004600 | 379 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 680000 | 68 |
| ആകെ | 37843700 | |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.07.2023 ന് 10.15 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അടുത്ത ദിവസം രാവിലെ അടവാക്കുന്നതിനാൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവേ കാര്യക്ഷമമാണെങ്കിലും ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖപ്പെടുത്തലില്ല.
2. വെള്ളക്കരമിനത്തിൽ ഭീമമായ തുക വാട്ടർ അതോറിറ്റിക്ക് പ്രതിമാസം നൽകി വരുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ ഉപയോഗ ശൂന്യമായ വാട്ടർ ടാപ്പുകളെ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. ആയത് നടപ്പിലാക്കുന്നതിന് ഭരണസമിതി എടുത്ത തീരുമാനം നടപ്പിലാക്കിയിട്ടില്ല.
3. തെരുവ് വിളക്കുകളുടെ രജിസ്റ്റർ, കംപ്ലയിന്റ് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.
4. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.
5. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.
6. സ്റ്റോക്ക് രജിസ്റ്റർ എല്ലാ വിവരങ്ങളും ചേർത്ത്, നിശ്ചിത മാതൃകയിൽ കൃത്യമായി പരിപാലിച്ചിട്ടില്ല.
7. നിർവഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സ് ക്യാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. അസിസ്റ്റന്റ് സെക്രട്ടറി പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.11.2022 | ഒക്ടോബർ 2022 വരെ | 23.11.2022 |
| എ.ജി ഓഡിറ്റ് | 16.11.2018 | 2013-14 മുതൽ 2017-18 വരെ | 07-01-2019 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള ബാക്കി തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ പ്രസ്തുത ഏജൻസികൾ വീഴ്ച്ച വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗം സംബന്ധിച്ച് 2022-23 വാർഷിക ഓഡിറ്റിന്റെ ഭാഗമായി അവലോകനം നടത്തുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ 27.04.2023 ലെ കെ.എസ്.എ. 117/സി.എ.ആർ 3/2023 പ്രകാരം നിർദേശം നൽകിയിട്ടുണ്ട്. 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. അത് പ്രകാരം തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2012-13 മുതൽ 2021-22 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ, പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര. നം | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ഫണ്ട് ഇനം | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | കുറിപ്പ് |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | നിർണ്ണയം പ്രകാരം) | | |
| 1 | മുക്കട് അയ്യപ്പൻകുന്ന് കടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2012-13 | KWA മലപ്പുറം | 355000 | - | ലഭ്യമല്ല | 355000 | |
| 2 | ചുള്ളോട്ട് പറമ്പ് കടിവെള്ള പദ്ധതി | 2012-13 | KWA മലപ്പുറം | 900000 | - | ലഭ്യമല്ല | 900000 | |
| 3 | ബ്രഡ് കമ്പനി പാണമ്പ്ര ലൈൻ എക്സ്റ്റൻഷൻ | 2012-13 | KWA മലപ്പുറം | 243000 | - | ലഭ്യമല്ല | 243000 | |
| 4 | പൈപ്പ് ലൈൻ നീട്ടൽ (08/15) | 2014-15 | KWA മലപ്പുറം | 36500 | തനത് ഫണ്ട് | ലഭ്യമല്ല | 36500 | |
| 5 | പൈപ്പ് ലൈൻ നീട്ടൽ (08/15) | 2014-15 | KWA മലപ്പുറം | 683500 | വികസനഫണ്ട് (CFC) | ലഭ്യമല്ല | 683500 | |
| 6 | വൈദ്യുതി പോസ്റ്റ്മാറ്റി സ്ഥാപിക്കൽ | 2014-15 | KSEB | 10913 | - | ലഭ്യമല്ല | 10913 | |
| 7 | വൈദ്യുതി പോസ്റ്റ്മാറ്റി സ്ഥാപിക്കൽ | 2014-15 | KSEB | 7150 | - | ലഭ്യമല്ല | 7150 | |
| 8 | പള്ളിപ്പടി മലയിൽ Water Pipe Line Extension (76/17) | 2016-17 | KWA മലപ്പുറം | 50,000 | വികസനഫണ്ട് ജനറൽ | ലഭ്യമല്ല | 50,000 | |
| 9 | വിളക്കത്രമാട് മണ്ണിൽതൊടി Water Pipe Line Extension (71/17) | 2016-17 | KWA മലപ്പുറം | 70,000 | മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | ലഭ്യമല്ല | 70,000 | |
| 10 | മേട്ടനാലിൽ ചാലാട്ടിൽ Water Pipe Line Extension (72/17) | 2016-17 | KWA മലപ്പുറം | 70,000 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ലഭ്യമല്ല | 70,000 | |
| 11 | അനുഗ്രഹം കൊല്ലേരി പാലക്കപ്പറമ്പ് Water Pipe Line Extension (73/17) | 2016-17 | KWA മലപ്പുറം | 70,000 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ലഭ്യമല്ല | 70,000 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | വില്ലന്നിയാൽ കല്ലവളപ്പ് റോഡ് Water Pipe Line (74/17) Extension (71/17) | 2016-17 | KWA മലപ്പുറം | 70,000 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ലഭ്യമല്ല | 70,000 | |
| 13 | ചെനക്കലങ്ങാടി ചീനിക്കണാരി Water Pipe Line Extension (79/17) | 2016-17 | KWA മലപ്പുറം | 1,40,000 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ലഭ്യമല്ല | 1,40,000 | |
| 14 | കണ്യാവിൽ കരിങ്ങാംകുളം Water Pipe Line Extension (80/17) | 2016-17 | KWA മലപ്പുറം | 1,50,000 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ലഭ്യമല്ല | 1,50,000 | |
| 15 | ആലുങ്ങൽ പുല്ലക്കത്ത് Water Pipe Line Extension (98/17) | 2016-17 | KWA മലപ്പുറം | 50,000 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ലഭ്യമല്ല | 50,000 | |
| 16 | പള്ളിപ്പടി മലയിൽ Water Pipe Line Extension (76/17) | 2016-17 | KWA മലപ്പുറം | 2,50,000 | മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | ലഭ്യമല്ല | 2,50,000 | |
| 17 | ചാലിയിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (SO146/17) | 2016-17 | KWA മലപ്പുറം | 5,50,000 | ബ്ലോക്ക് ഷെയർ | ലഭ്യമല്ല | 5,50,000 | |
| 18 | ചാലിയിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (SO146/17) | 2016-17 | KWA മലപ്പുറം | 5,50,000 | വികസനഫണ്ട് (SCP) | ലഭ്യമല്ല | 5,50,000 | |
| 19 | ചാപ്പപ്പാറ എസ്.സി.കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (SO038/17) | 2016-17 | KWA മലപ്പുറം | 9,00,000 | വികസനഫണ്ട് (SCP) | ലഭ്യമല്ല | 9,00,000 | |
| 20 | മുക്കട് കോലായം എസ്.സി.കോളനി കുടിവെള്ള പദ്ധതി | 2016-17 | KWA മലപ്പുറം | 5,50,000 | വികസനഫണ്ട് (SCP) | ലഭ്യമല്ല | 5,50,000 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | പൈപ്പ് ലൈൻ നീട്ടൽ (S0096/17) | | | | | | | |
| 21 | 63/18 കടക്കാട്ടുപാറ ചെനപ്പറമ്പ് റോഡ് വാട്ടർലൈൻ എക്സ്റ്റൻഷൻ | 2017-18 | KWA മലപ്പുറം | 1,50,000 | വികസനഫണ്ട് (CFC) | ലഭ്യമല്ല | 1,50,000 | |
| 22 | 64/18വില്ലൂന്നിയാൽ ക്ലൂർ അയ്യപ്പൻകാവ് റോഡ് വാട്ടർലൈൻ എക്സ്റ്റൻഷൻ | 2017-18 | KWA മലപ്പുറം | 1,70,000 | വികസനഫണ്ട് (CFC) | ലഭ്യമല്ല | 1,70,000 | |
| 23 | 66/18ഇല്ലത്ത് സ്കൂൾ കളരിപ്പറമ്പ് വാട്ടർലൈൻ എക്സ്റ്റൻഷൻ | 2017-18 | KWA മലപ്പുറം | 1,50,000 | വികസനഫണ്ട് (CFC) | ലഭ്യമല്ല | 1,50,000 | |
| 24 | 69/18ചുള്ളോട്ട്പറമ്പ് വിഷ്ണുക്ഷേത്രം അരീപ്പാറ റോഡ് ലൈൻ എക്സ്റ്റൻഷൻ | 2017-18 | KWA മലപ്പുറം | 2,00,000 | വികസനഫണ്ട് (CFC) | ലഭ്യമല്ല | 2,00,000 | |
| 25 | 70/18 ശാന്തിനഗർ കാട്ടുകുഴി അംഗനവാടി റോഡ് | 2017-18 | KWA മലപ്പുറം | 2,00,000 | തനത് ഫണ്ട് | ലഭ്യമല്ല | 2,00,000 | |
| 26 | 71/18 മുക്കോട്ട് വലിയപറമ്പ് വാട്ടർലൈൻ എക്സ്റ്റൻഷൻ | 2017-18 | KWA മലപ്പുറം | 30,000 | വികസനഫണ്ട് ജനറൽ | ലഭ്യമല്ല | 30,000 | |
| | | | | 95,000 | വികസനഫണ്ട് (CFC) | ലഭ്യമല്ല | 95,000 | |
| 27 | 72/18കടക്കാട്ടുപാറ വളപ്പിൽ ലൈൻ എക്സ്റ്റൻഷൻ | 2017-18 | KWA മലപ്പുറം | 1,00,000 | മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | ലഭ്യമല്ല | 1,00,000 | |
| 28 | 73/18കൊല്ലേരി ബ്രാഹ്മസം റോഡ് ലൈൻ എക്സ്റ്റൻഷൻ | 2017-18 | KWA മലപ്പുറം | 1,50,000 | മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | ലഭ്യമല്ല | 1,50,000 | |
| 29 | 75/18വളാശ്ശേരി മച്ചിങ്ങൽ റോഡ് ലൈൻ എക്സ്റ്റൻഷൻ | 2017-18 | KWA മലപ്പുറം | 2,50,000 | വികസനഫണ്ട് (CFC) | ലഭ്യമല്ല | 2,50,000 | |
| 30 | 76/18പൂളക്കമ്പനി | 2017-18 | KWA മലപ്പുറം | 3,65,340 | തനത് ഫണ്ട് | ലഭ്യമല്ല | 3,65,340 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | പൊതാട്ടിൽപാറ റോഡ് കുടിവെള്ള പദ്ധതി | | | 84,660 | വികസനഫണ്ട് ജനറൽ | ലഭ്യമല്ല | 84,660 | |
| 31 | 77/18 ചെനക്കലങ്ങാടി കാടപ്പറമ്പ് റോഡ് കുടിവെള്ള പദ്ധതി | 2017-18 | KWA മലപ്പുറം | 2,92,000 | തനത് ഫണ്ട് | ലഭ്യമല്ല | 2,92,000 | |
| 32 | 78/18 കുറ്റിപ്പാല വാളേരി വാട്ടർലൈൻ എക്സ്റ്റൻഷൻ | 2017-18 | KWA മലപ്പുറം | 1,00,000 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ലഭ്യമല്ല | 1,00,000 | |
| 33 | 82/18ചുള്ളോട്ടുപറമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം | 2017-18 | KWA മലപ്പുറം | 17,00,000 | വികസനഫണ്ട് (SCP) | ലഭ്യമല്ല | 17,00,000 | |
| 34 | 103/18പൂളകമ്പനി എസ്.സി കോളനി വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ | 2017-18 | KWA മലപ്പുറം | 2,50,000 | വികസനഫണ്ട് (SCP) | ലഭ്യമല്ല | 2,50,000 | |
| 35 | 96/18 ചെനക്കലങ്ങാടി ഇരുമ്പോത്തിക്കൽ എസ്.സി കോളനി വാട്ടർഅതോറിറ്റി പൈപ്പ് ലൈൻ | 2017-18 | KWA മലപ്പുറം | 20,00,000 | ബ്ലോക്ക് ഷെയർ | ലഭ്യമല്ല | 20,00,000 | |
| | | | | 10,00,000 | വികസനഫണ്ട് (SCP) | ലഭ്യമല്ല | 10,00,000 | |
| 36 | 177/18 തട്ടാൻപടി ദേവതിയാൽ പറമ്പ് എസ്.സി കോളനി കുടിവെള്ളപദ്ധതി | 2017-18 | KWA മലപ്പുറം | 1,50,000 | വികസനഫണ്ട് (SCP) | ലഭ്യമല്ല | 1,50,000 | |
| 37 | 104/18 കനമ്പുലാക്കൽ എസ്.സി കോളനി വാട്ടർഅതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2017-18 | KWA മലപ്പുറം | 1,75,500 | വികസനഫണ്ട് (SCP) | ലഭ്യമല്ല | 1,75,500 | |
| 38 | 123/19 പകൽ | 2018-19 | KWA മലപ്പുറം | 20000 | വികസനഫണ്ട് | ലഭ്യമല്ല | 20000 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | വീട്ടിലേക്ക് കെ ഡബ്ല്യൂ എ കണക്ഷൻ നൽകൽ | | | | ജനറൽ | | | |
| 39 | 130/19 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് കെ ഡബ്ല്യൂ എ വാട്ടർ ലൈൻ കണക്ഷൻ (അംഗൻവാടികൾ, സബ്സെന്ററുകൾ) | 2018-19 | KWA മലപ്പുറം | 360000 | വികസനഫണ്ട് ജനറൽ | ലഭ്യമല്ല | 360000 | |
| 40 | 177/19 കെ ഡബ്ല്യൂ എ ലൈൻ എക്സ്റ്റൻഷൻ കോഹിന്നൂർ ഗണപതി ക്ഷേത്രം റോഡ് | 2018-19 | KWA മലപ്പുറം | 150000 | തനത് ഫണ്ട് | ലഭ്യമല്ല | 150000 | |
| 41 | 179/ 19 കെ ഡബ്ല്യൂ എ ലൈൻ എക്സ്റ്റൻഷൻ കൊയപ്പ വിഷ്ണുക്ഷേത്രം റോഡ് | 2018-19 | KWA മലപ്പുറം | 200000 | തനത് ഫണ്ട് | ലഭ്യമല്ല | 200000 | |
| 42 | 180/19 കെ ഡബ്ല്യൂ എ ലൈൻ എക്സ്റ്റൻഷൻ മുക്കട് വലിയപറമ്പ് റോഡ് | 2018-19 | KWA മലപ്പുറം | 70000 | തനത് ഫണ്ട് | ലഭ്യമല്ല | 70000 | |
| 43 | 181/19 കെ ഡബ്ല്യൂ എ ലൈൻ എക്സ്റ്റൻഷൻ പറമ്പത്ത് കാവ് അനുഗ്രഹം റോഡ് | 2018-19 | KWA മലപ്പുറം | 150000 | തനത് ഫണ്ട് | ലഭ്യമല്ല | 150000 | |
| 44 | 138/19 അരീപ്പാറ എസ് സി കോളനി കെ ഡബ്ല്യൂ എ ലൈൻ മാറ്റി സ്ഥാപിക്കലും നീട്ടലും | 2018-19 | KWA മലപ്പുറം | 1000000 | ബ്ലാക്ക് പഞ്ചായത്ത് | ലഭ്യമല്ല | 1000000 | |
| | | | | 100000 | വികസനഫണ്ട് (SCP) | ലഭ്യമല്ല | 100000 | |
| 45 | 186/19 എസ് സി | 2018-19 | കെ.എസ്.ഇ.ബി | 929002 | വികസനഫണ്ട് | ലഭ്യമല്ല | 929002 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | കോളനികളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | | | | (SCP) | | | |
| 46 | 204/19 മലയിൽ മുണ്ടിനാട് തെറ്റമ്മൽ മാതാപ്പുഴ പ്രദേശത്ത് സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 2018-19 | കെ.എസ്.ഇ.ബി | 599947 | വികസനഫണ്ട് (CFC) | ലഭ്യമല്ല | 599947 | |
| 47 | കൊട്ടപ്പുറത്ത് എസ്.സി കോളനി റോഡ് വാട്ടർ ലൈൻ എക്സ്റ്റൻഷൻ 179/20 | 2019-20 | KWA മലപ്പുറം | 400000 | വികസനഫണ്ട് (SCP) | 337184 | 62816 | അവശേഷിക്കുന്ന 62816 രൂപ തിരികെ ലഭിച്ചിട്ടില്ല |
| 48 | 158/21 വില്ലുന്നിയാൽ എളമ്പുലാശ്ശേരി റോഡ് വാട്ടർ ലൈൻ എക്സ്റ്റൻഷൻ | 2020-21 | KWA മലപ്പുറം | 65000 | വികസനഫണ്ട് (CFC) | ലഭ്യമല്ല | 65000 | |
| 49 | 253/21വിളക്കത്രമാട് മുഞ്ഞോളിപ്പടി റോഡ് KWAപൈപ്പ് ലൈൻ നീട്ടൽ | 2020-21 | KWA മലപ്പുറം | 3,00,000 | വികസനഫണ്ട് (CFC) | ലഭ്യമല്ല | 3,00,000 | |
| 50 | 255/21ചാപ്പപ്പാറ ഈങ്ങപ്പള്ളിയാളി KWAലൈൻ നീട്ടൽ | 2020-21 | KWA മലപ്പുറം | 1,50,000 | വികസനഫണ്ട് (CFC) | ലഭ്യമല്ല | 1,50,000 | |
| 51 | 257/21നേതാജി റോഡ് KWAപൈപ്പ് ലൈൻ സ്ഥാപിക്കൽ | 2020-21 | KWA മലപ്പുറം | 1,50,000 | വികസനഫണ്ട് (CFC) | ലഭ്യമല്ല | 1,50,000 | |
| 52 | 271/21 ആലുങ്ങൽ നെടുമ്പള്ളി റോഡിൽ KWAപൈപ്പ് ലൈൻ സ്ഥാപിക്കൽ | 2020-21 | KWA മലപ്പുറം | 1,00,000 | വികസനഫണ്ട് (CFC) | ലഭ്യമല്ല | 1,00,000 | |
| 53 | 71/22 പുതിയത്ത് എസ്.സി.കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2021-22 | കെ.എസ്.ഇ.ബി | 95000 | വികസനഫണ്ട് SCP | ലഭ്യമല്ല | 95000 | |
| | | | | 12291 | തനത് ഫണ്ട് | ലഭ്യമല്ല | 12291 | |
| 54 | 253/22 അമ്പലപ്പടി | 2021-22 | കെ.എസ്.ഇ.ബി | 195880 | തനത് ഫണ്ട് | ലഭ്യമല്ല | 195880 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | നിരോൽപ്പാലം<br>തട്ടാശ്ശേരിമാട് സ്ട്രീറ്റ്<br>ലൈൻ വലിക്കൽ | | | | | | | |
| ആകെ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | | | | | | | 18028499 | |

മേൽ പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 01/26.07.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുക ക്രമീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-12 ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ യന്ത്രവൽകൃത പ്ലാന്റും മറ്റും പ്രവർത്തിക്കുന്നു.

KNR കൺസ്ട്രക്ഷൻ ലിമിറ്റഡ് എന്ന സ്ഥാപനം തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ നിർമ്മിച്ച ആകെ 361.72 ച.മീ വിസ്തീർണ്ണത്തിലുള്ള വിവിധ കെട്ടിടങ്ങൾ, ടി സ്ഥാപനത്തിന്റെ 05.05.22ലെ KNRCL/NH-66/RAM-VAL/GEN/22-23/106 നമ്പർ അപേക്ഷയുടെ അടിസ്ഥാനത്തിൽ ക്രമവൽക്കിരിച്ച് വാണിജ്യ കെട്ടിടം ഗണത്തിലുൾപ്പെടുത്തി 6/204J മുതൽ S വരെ( O ഒഴികെ) കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. അപേക്ഷയിൽ വ്യക്തമാക്കിയത് പ്രകാരം, നാഷനൽ ഹൈവേ വികസന പ്രവൃത്തിയുടെ ഭാഗമായി കാംപ് ഓഫീസ്, മെഷിനറി, ഹോട്ട് മിക്സ് പ്ലാന്റ് എന്നിവ പ്രവർത്തിപ്പിക്കുന്നതിനുള്ള ഓഫീസ്, സ്റ്റാഫ് കോട്ടേഴ്സ്, ക്വാളിറ്റി കൺട്രോൾ ലാബ്, കാന്റീൻ, സ്റ്റോർ, കോൺഫറൻസ് ഹാൾ, അഡ്മിൻ ബ്ലോക്ക് എന്നിവക്കാണ് മേൽ കെട്ടിടങ്ങൾ നിർമ്മിച്ചത്.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതും, 233 പ്രകാരം ആവി ശക്തിയോ ജല ശക്തിയോ മറ്റ് യാന്ത്രിക ശക്തിയോ വൈദ്യുത ശക്തിയോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഫാക്ടറിയോ വർക്ക്ഷോപ്പോ പണിസ്ഥലമോ നിർമ്മിക്കുകയോ സ്ഥാപിക്കുകയോ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭ്യമക്കേണ്ടതാണ്.

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, മേൽ കെട്ടിട ക്രമവൽക്കരണ അപേക്ഷയിൽ വ്യക്തമാക്കിയത് പ്രകാരമുള്ള, യാന്ത്രിക ശക്തി ഉപയോഗിക്കേണ്ട മെഷിനറി, ഹോട്ട് മിക്സ് പ്ലാന്റ് എന്നിവ പ്രവർത്തിപ്പിക്കുന്നതിനും കാന്റീൻ ഉൾപ്പടെയുള്ള മറ്റ് പ്രവർത്തനങ്ങൾക്കും KPR സെക്ഷൻ 232, 233, 1996 ലെ കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭം പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 12 എന്നിവ പ്രകാരം പഞ്ചായത്ത് അനുമതി/ലൈസൻസ് നൽകിയതായി കാണുന്നില്ല. മേൽ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് അനുമതി/ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതും / അനുവദിച്ചിട്ടില്ലെങ്കിൽ ആധാരമായ സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 06/2022-23/29.07.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ വാർത്താവിനിമയ ഗോപുരങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് 2022-23 ൽ നമ്പർ/പെർമിറ്റ് അനുവദിച്ച ഫയലുകളുടെ പരിശോധനയുടെ ഭാഗമായി, 2022-23ൽ കംപ്ലീഷൻ സർട്ടിഫിക്കറ്റിനായി/നമ്പറിംഗിനായി അപേക്ഷിച്ച വാർത്താ വിനിമയ ഗോപുരങ്ങളുടെ ഫയലുകൾ പരിശോധിച്ചതിൽ ആയവ പെർമിറ്റ് അനുവദിച്ചിട്ട് ഒരു വർഷ കാലാവധി കഴിഞ്ഞവയാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, ടി ഗോപുരങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ 03.08.2023ന് , ഗ്രാമപഞ്ചായത്തിലെ ഓവർസിയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് നേരിട്ട് പരിശോധന നടത്തി. പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് നം/തിയതി, പെർമിറ്റ് നേടിയ സ്ഥാപനം/വ്യക്തി | ഈടാക്കിയ പെർമിറ്റ് ഫീസ്, രസീത് നം., നിലവിലെ അവസ്ഥ | പരിശോധനയിലെ കണ്ടെത്തൽ |
|---|---|---|---|
| 1 | S3-BA(4821)/2021/08.01.21, റിലയൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡ്/<br>സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ.<br>വാർഡ്-4ൽ. S No. 272/4, | 10000/-, 120030400004/07.01.2021.<br>പെർമിറ്റിന്റെ ചട്ടപ്രകാരമുള്ള ഒരു വർഷ കാലാവധി അവസാനിച്ചിട്ടുണ്ട്.<br>പെർമിറ്റ് പുതുക്കിയിട്ടില്ല.<br>16.06.2022ലെ S3-1524/22 നം ഇൻവാർഡ് പ്രകാരം നമ്പറിംഗിനായി അപേക്ഷിച്ചു.<br>19.08.22ന് അപാകത | A)ഈ വാർത്താ വിനിമയ ഗോപുരം നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br>B)ടവറിന്റെ വൈദ്യുതി മീറ്റർ, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ പ്രവർത്തിച്ച കൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| | 143/5-5 | പരിഹരിക്കുന്നതിനായി കത്ത് നൽകി.<br>അപാകത പരിഹരിക്കുന്നതിനായി 19.08.22ന് 400902/BABC06/GPO /2022/1524/(2) കത്ത് നൽകി. | C) ചട്ടം 84പ്രകാരമുള്ള കളർ കോഡ് പെയിന്റ് ചെയ്തിട്ടില്ല. |
| 2 | S3-BA(267357)/2018/15.11.18, റിലയൻസ് ജിയോ ഇൻഫോകോം പ്രൈവറ്റ് ലിമിറ്റഡ്/<br>സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ<br>വാർഡ്-7ൽ. RS No. 448 RBL-4, 161/5 | 10000/-, 118030400004/15.11.2018.<br>പെർമിറ്റിന്റെ ചട്ടപ്രകാരമുള്ള ഒരു വർഷ കാലാവധി അവസാനിച്ചിട്ടുണ്ട്.<br>പെർമിറ്റ് പുതുക്കിയിട്ടില്ല.<br>16.06.2022ലെ S3-1525/22 നം ഇൻവാർഡ് പ്രകാരം നമ്പറിംഗിനായി അപേക്ഷിച്ചു.<br>അപാകത പരിഹരിക്കുന്നതിനായി 19.08.22ന് 400902/BABC06/GPO/2022 /1525/(1) കത്ത് നൽകി. | A)ഈ വാർത്താ വിനിമയ ഗോപുരം നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br>B)ടവറിന്റെ വൈദ്യുതി മീറ്റർ, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ പ്രവർത്തിച്ച കൊണ്ടിരിക്കുകയാണ്.<br>C) ചട്ടം 84പ്രകാരമുള്ള കളർ കോഡ് പെയിന്റ് ചെയ്തിട്ടില്ല. |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽപ്പെടുത്തി നിശ്ചിത നിരക്കിൽ വസ്തുനികുതി ഈടാക്കണമെന്ന് നിർദേശിക്കുന്നുണ്ട്. ചട്ടം 24 പ്രകാരം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയതോ, ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി നൽകാൻ കെട്ടിട ഉടമസ്ഥൻ ബാദ്ധ്യസ്ഥനാകുന്നതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ പട്ടികയിലെ നിർമ്മാണങ്ങൾ എന്നു മുതലാണ് പ്രവർത്തനക്ഷമമായതു എന്ന് പരിശോധിച്ച് ആയത് മുതലുള്ള വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതുണ്ട്. നിയമപ്രകാരമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങളായാൽ നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ രണ്ട് ഇരട്ടി കൂടി ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെട്ടിടം ക്രമവൽക്കരിക്കുന്നത് വരെ UA നമ്പർ നല്കി വസ്തുനികുതിയും ആയതിന്റെ രണ്ടിരട്ടി തുകയും ഈടാക്കേണ്ടതാണ്.

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും തുടർ നടപടികൾ സ്വീകരിച്ച് ചട്ടപ്രകാരമുള്ള ക്രമവൽക്കരണ ഫീസും നികുതിയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നിയമ ലംഘനം ശ്രദ്ധയിൽ പെടുത്തിയിട്ടും യഥാസമയം തുടർനടപടി സ്വീകരിക്കാത്ത പക്ഷം ബാധ്യതകൾ നിലവിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കായിരിക്കുന്നതാണ്.

## 1-14 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി- വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ 20% വർദ്ധനവ് നൽകേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച ഫയലുകൾ പരിശോധിച്ചതിൽ മേൽചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് വരുത്താത്തതിനാൽ നികുതിയിനത്തിൽ നഷ്ടം വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിട ഉടമ/സർവ്വെ നമ്പർ | കെട്ടിടനമ്പർ വിസ്തീർണ്ണം | കുറിപ്പ് |
|---|---|---|---|
| 1 | മതിലഞ്ചേരി ആനന്ദൻ Bl-3,301/1-1 | 9/279c (വാണിജ്യം) 24.197ച മീ<br>9/279D (വാണിജ്യം) 24.197ച മീ<br>9/279F(വാണിജ്യം) 24.197ച മീ<br>9/279G (വാണിജ്യം) 27.5ച മീ | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 5.1മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.2020-21ഫസ്റ്റ് ഹാഫ് മുതൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഓണർഷിപ്പ് മാറ്റാൻ വന്ന അപേക്ഷയാണ്. സഞ്ചയയിൽ കെട്ടിട ഉടമ ഉബൈദ് ചുള്ളിയിൽ എന്ന വ്യക്തിയാണ്.12-12-22ൽ ആണ് ഓണർഷിപ്പ് മാറ്റിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | 9/279H (വാണിജ്യം) 27.5ച മീ<br>9/279J (വാണിജ്യം) 43.579ച മീ | |
| 2 | മുഹമ്മദ് ബഷീർ PERINCHEERIMATTIL 3/531/2-8 | 11/132A 226.87ച മീ (ഇതര വ്യവസായം | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 8മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.<br>2022-23ഫസ്റ്റ് ഹാഫ് മുതൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. |
| 3 | തോട്ടോളി ചക്കാല ഖദീജ BL3-404/7-2 | 16/293 B(പാർപ്പിടം) 51.09ച മീ<br>16/293C (വാണിജ്യം) 12.56ച മീ<br>16/293D 12.56ചമീ (വാണിജ്യം) | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 8മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.<br>2022-23ഫസ്റ്റ് ഹാഫ് മുതൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. |

വസ്തുനികതി നിർണ്ണയത്തിൽ വന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(30/03.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-15 വിഭവസമാഹരണം സംബന്ധിച്ച അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഓഡിറ്റ് വർഷത്തിൽ 17 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങൾക്കും വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്കും നികുതി ഒഴിവാക്കൽ, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, കരട് വാർഷിക ബജറ്റ് അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയുടെ പിരിവ് ഊർജിതമാക്കുന്നതിന് 07.07.2022 തീയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചു. തുടർന്ന് 15.09.2022 തീയ്യതിയിലെ യോഗത്തിൽ സമ്പൂർണ്ണ വസ്തുനികുതി പിരിവിന്റെ പുരോഗതി അവലോകനം ചെയ്തു.24.11.2022ൽ വസ്തുനികുതി പിരിവ് 50% പോലും കൈവരിച്ചിട്ടില്ല എന്ന് വിലയിരുത്തി.7.2.2023വസ്തുനികുതി പിരിവിന്റെ പുരോഗതി അവലോകനം ചെയ്തു.6.3.23 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് ക്യാമ്പ് കളക്ഷൻ നടത്താൻ തീരുമാനിച്ചു.16.3.23ന് ഹൈ വെ വികസനത്തിന്റെ ഭാഗമായി നിരവധി കെട്ടിടങ്ങൾ പൊളിച്ചു നീക്കിയതിനാൽ 100% നികുതി പിരിവ് കൈവരിക്കാൻ സാധിക്കില്ല എന്ന് യോഗം വിലയിരുത്തി. പൊളിച്ചു നീക്കിയ കെട്ടിടങ്ങൾ അസ്സസ്മെന്റ് രജിസ്റ്ററിൽ നിന്ന് നീക്കംചെയ്യാൻ തീരുമാനിച്ചു.

സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിൽ നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

വസ്തുനികുതി

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും

01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 28.04.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ, കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 7(1) നമ്പർ തീരുമാന പ്രകാരവും, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ27-5-23ലെ 4(1) നമ്പർ തീരുമാന പ്രകാരവും താത്ക്കാലികമായി അംഗീകരിച്ചിട്ടുണ്ട്. മേൽ ഭരണ സമിതി തീരുമാനങ്ങൾ S3-2756/2023 തിയ്യതി 6.07.2023 നമ്പർ കരട് വിജ്ഞാപനമായി പുറപ്പെടുവിച്ച് പത്രത്തിൽ പരസ്യം ചെയ്തിട്ടുമുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപായി രണ്ട് പത്രത്തിൽ കൂടി അറിയിപ്പ് നൽകേണ്ടതാണ്. ആയതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറക്ക് സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിരക്കുകളിൽ ഈ മാറ്റം വരുത്താവുന്നതാണ്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

3. പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല. ഇത് കാരണം, 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നിലവിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയും, അന്തിമ വിജ്ഞാപനം വരുന്ന മുറക്ക് പുതിയ നിരക്കിൽ നികുതി നൽകുന്നതാണെന്ന് കെട്ടിട ഉടമയോട് വാക്കാൽ അറിയിച്ച് വരുന്നുണ്ട്.

4. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1072 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആളെ നിയമിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്. 25-5-23ന് അഭിമുഖം നടത്തിയിട്ടുണ്ട്.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു

അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.2022-23ലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടുണ്ട്.ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.

3. 1996ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

ഇത് സബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (29/3-8-23) ന് മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൽ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റു നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി- അടവാക്കിയില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗ്യം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | അപാകത |
|---|---|---|---|
| 1 | AEMS PUBLIC SCHOOL | ലഭ്യമല്ല | 2022-23ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 2 | ARCH TECH BUILDERS AND DEVELOPERS | ലഭ്യമല്ല | ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 3 | M.E.M.S,SCHOOL KOHINOOR | ലഭ്യമല്ല | 2022-23ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 4 | CHOLAKKARA SREEDHARA PANIKKER ASSOCIATES | ലഭ്യമല്ല | ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 5 | GRSENT HARDWARE AND STEEL | ലഭ്യമല്ല | ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 6 | പവർപ്രിന്റ് ഓഫ് സെറ്റ് പ്രസ്സ് | 9 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 7 | മലബാറിക്കസ് റസ്റ്റോറന്റ് | 10 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 8 | ദില്ലി ദർബാർ ഹോട്ടൽ &ബേക്കറി | 9 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 9 | എലൈറ്റ് അക്കാദമി | 7 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

2)ബി എസ് എൻ എൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
മേൽ അപാകത പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/31-7-23)ക്രമ നം 1 മുതൽ 5 വരെയുള്ളസ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് അയച്ചതിന്റെ പകർപ്പ് ലഭ്യമാക്കി.
ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാസ്ഥാപനങ്ങളും /ജീവനക്കാരും ചട്ടപ്രകാരം നികുതി അടവാക്കുന്നു എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. നടപടി സ്വീകരിച്ചതിന്റെ തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 പോഷകാഹാര വിതരണം -അധിക തുക നൽകി

പ്രൊജക്ട് നമ്പർ, പേര് : 24/23, അങ്കണവാടി പൂരക പോഷകാഹാരം
അടങ്കൽ : 5400000
ചെലവ് തുക : 5197129 (വികസന ഫണ്ട് ജനറൽ - 2838953, കേന്ദ്രാവിഷ്കൃത ഫണ്ട് - 2358168

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകത കണ്ടു.

1. മാവേലി സ്റ്റോറിനു തുക അധികം നൽകി

മേൽ ചെലവിൽ ഉൾപ്പെട്ട, ബിൽ നമ്പർ 26/18.03.2023 പ്രകാരമുള്ള 634360/- രൂപ, ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിന് ഇൻവോയ്സ് നം 22283/31-1-23 ന്റെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോറിനു നൽകിയിട്ടുണ്ട്. ഈ ഇൻവോയ്സ് പ്രകാരം 25 Kg യുടെ 153 ചാക്ക് നുറുക്ക് ഗോതമ്പിന്റെ വിലയിനത്തിൽ ആണ് 272333.88/- രൂപ നൽകിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 152 ചാക്ക് മാത്രമെ ലഭ്യമായിട്ടുള്ളൂ (ഇക്കാര്യം ഐ.സി.ഡി.എസ് സൂപ്പർവൈസർ ഫയലിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്). ആയതിനാൽ ഒരു ചാക്ക് നുറുക്ക് ഗോതമ്പിന്റെ (153*1779.96 - 152*1779.96 )1779.96/-രൂപ അധികമായി നൽകിയിട്ടുണ്ട്.

2. ന്യൂട്രിമിക്സ് യൂണിറ്റിനു തുക അധികം നൽകി

ബിൽ നമ്പർ 34/28.03.2023 പ്രകാരമുള്ള 127212/- രൂപ 1718..5kg അമൃതം ന്യൂട്രിമിക്സിന്റെ വിലയിനത്തിൽ വിജയ് ഓജസി ന്യൂട്രിമിക്സ് യൂണിറ്റിനു (ഇൻവോയ്സ് നം 7/7-2-23,) നൽകിയ തുകയാണ്. എന്നാൽ 1712.5kg മാത്രമെ ലഭ്യമായിട്ടുള്ളൂ എന്ന് സ്റ്റോക്ക് രജിസ്റ്റർ

പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട് (ഐ.സി.ഡി.എസ് സൂപ്പർവൈസർ ഫയലിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്). ആയതിനാൽ 6kg അമൃതം ന്യൂട്രിമിക്സിന്റെ വിലയായ ( 6*74(GST,ട്രാൻസ്പോർട്ടേഷൻ ചാർജജ് ഉൾപ്പെടെ) )444/-രൂപ അധികമായി നൽകിയിട്ടുണ്ട്.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(26/02.08.23) മാവേലി,ന്യൂട്രിമിക്സ് യൂണിറ്റ് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ അധിക തുക 2023-24 സാമ്പത്തിക വർഷത്തെ ബില്ലിൽ നിന്നും ക്രമീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി.അധികം നൽകിയ തുക ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധിക ചെലവ് 2224/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 1-18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അധിക തുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ 107/23 |
| അടങ്കൽ | 1180000- പൊതുവിഭാഗം സാധാരണ വിഹിതം<br>594000/-ബ്ലോക്ക് പഞ്ചായത്ത്<br>8000/-തനത് ഫണ്ട്<br>198000/-ജില്ലാ പഞ്ചായത്ത്<br>ആകെ 1980000 |
| ചെലവ് | 1177400/- പൊതുവിഭാഗം സാധാരണ വിഹിതം<br>500000/-ബ്ലോക്ക് പഞ്ചായത്ത്<br>198000/-ജില്ലാ പഞ്ചായത്ത്<br>ആകെ- 1875400 |
| ബിൽ /വൗച്ചർ നമ്പർ | 450000/-ബിൽ നം. 8/22-23/15.12.22<br>500000/-ബിൽ നം. 9/22-23/15.12.22<br>198000/- ബിൽ നം. 10/22-23/19.01.23<br>257700/- ബിൽ നം. 18/22-23/16.03.23<br>186900/-ബിൽ നം. 19/22-23/16.03.23<br>282800/-ബിൽ നം. 20/22-23/16.03.23 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്കോളർഷിപ്പ് നൽകുന്നതിനാണ് മേൽ പ്രൊജക്റ്റ് പ്രകാരം തുക ചെലവുചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ കണ്ടു.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 115/2022ത.സ്വ.ഭ.വ തിയ്യതി 28.05.2022 ഖണ്ഡിക 7.1.6 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, വസ്ത്രങ്ങൾക്കുള്ള ബത്ത, പഠന സഹായികൾക്കുള്ള ബത്ത, യാത്രാ ബത്ത, ഉല്ലാസ യാത്രാ ചെലവുകൾ എന്നിവ ഉൾപ്പെടെ 28500 രൂപ പ്രതിവർഷം അനുവദിക്കാവുന്നതാണ്. ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠിക്കുന്ന ക്ലാസ്സിന് അനുസരിച്ച് സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്.

മേൽ പ്രൊജക്റ്റിന്റെ ചെലവുരേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട തുകയിലും കൂടുതൽ നൽകിയിട്ടുള്ളതായി വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മാനസിക വൈകല്യം

| വിദ്യാർത്ഥിയുടെ പേര്/ അക്കൌണ്ട് നമ്പർ | സ്കോളർഷിപ്പ് നൽകിയതിന്റെ വിശദാംശങ്ങൾ (നൽകാവുന്ന തുക -28500) | അധികം നൽകിയത് |
|---|---|---|

| | | |
|---|---|---|
| | | |
| SAJITHA K<br>SBIN0070200<br>37920498879 | ബിൽ നം 9/15-12-22 8000 +<br>ബിൽ നം 10/19-1-23 2800<br>ബിൽ നം 20/16-03-23 24000<br>34800 | 6300 |
| NAFEESA<br>6717226430 | ബിൽ നം 9/15-12-22 8000 +<br>ബിൽ നം 10/19-1-23 2800<br>ബിൽ നം 18/16-03-23 24000<br>34800 | 6300 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/31.07.23) അധിക തുക 2023-24 സാമ്പത്തിക വർഷത്തെ ബില്ലിൽ നിന്നും ക്രമീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 പോഷകാഹാര വിതരണം -അപാകതകൾ

പ്രൊജക്ട് നമ്പർ, പേര് : 24/23, അങ്കണവാടി പൂരക പോഷകാഹാരം

അടങ്കൽ : 5400000

ചെലവ് തുക : 5197121 (വികസന ഫണ്ട് ജനറൽ - 2838953, കേന്ദ്രാവിഷ്കൃത ഫണ്ട് - 2358168)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകത കണ്ടു.

1. ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല

2017 ചരക്കു സേവന നികുതി വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ GST ബാധകമായ സാധനങ്ങളുടെ വില നൽകുമ്പോൾ നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ നിശ്ചിത നിരക്കിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത ചുവടെ ചേർത്ത സ്ഥാപനത്തിന് 2022-23 സാമ്പത്തിക വർഷത്തിൽ സാധനങ്ങളുടെ വിലയിനത്തിൽ 2,50,000/- രൂപയിൽ കൂടുതൽ നൽകിയിട്ടുണ്ടെങ്കിലും പണം നൽകിയപ്പോൾ GST TDS കുറവ് വരുത്തിയിട്ടില്ല.

| സ്ഥാപനം | ആകെ അനുവദിച്ച തുക |
|---|---|
| വിജയ് &ഓജസ്സി ന്യൂട്രിമിക്സ് യൂണിറ്റ് ,ചേലേമ്പ്ര | 1828489 |
| | ബിൽ നമ്പർ. 4/22-23 തീയതി, 18-7-22<br>6/22-23 തീയതി, 29-9-22<br>7/22-23 തീയതി, 29-9-23<br>16/22-23 തീയതി, 10-03-23<br>29/22-23 തീയതി, 28-3-23<br>34/22-23 തീയതി, 28-3-23 |

2) പോഷകാഹാരം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളെ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായി വിവിധ കുടുംബശ്രീ യൂണിറ്റുകൾ (വിജയ് &ഓജസ്സി ന്യൂട്രിമിക്സ് യൂണിറ്റ് ,ചേലേമ്പ്ര,അന്നപൂർണ്ണ ന്യൂട്രിമിക്സ് യൂണിറ്റ്) ഗ്രാമപഞ്ചായത്തിൽ ന്യൂട്രിമിക്സ്, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളെ വിതരണത്തിനുള്ള ഏജൻസിയായി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല വിതരണത്തിന് ഈ സ്ഥാപനങ്ങളുമായി ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടും ഇല്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 18/31.7.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദേശങ്ങൾ പാലിച്ച് പ്രൊജക്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും, സ്ഥാപനം GST തുക അടവാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. സ്ഥാപനം ജി.എസ്.ടി. അടവാക്കിയതിന്റെ റിട്ടേൺ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 കംപ്യൂട്ടർ ലഭ്യമാവുകയോ തുക തിരികെ ലഭ്യമാക്കുകയോ ചെയ്തില്ല

പദ്ധതി നം. : 185/23ഐ.സി.ഡി.എസ് ഓഫീസിലേക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ : 33000/-(മെയിന്റനൻസ് ഫണ്ട്, നോൺ റോഡ്)

ചെലവ് : Rs. 14040/- ബിൽ നം. /22150652037601378332/16-03-23

ഐ.സി.ഡി.എസ് ഓഫീസിലേക്ക് കംപ്യൂട്ടർ ലഭ്യമാക്കുന്നതിനായി മേൽ ബിൽ പ്രകാരമുള്ള തുക പ്രഫോമ ഇൻവോയ്സ് നം.

TVM/ITBG/PI/RC/41887/10-08-22 ന്റെ അടിസ്ഥാനത്തിൽ കെൽട്രോണിന് നൽകിയിട്ടുണ്ട്. ഐ.സി.ഡി.എസ് ഓഫീസിലേക്ക് കംപ്യൂട്ടർ ലഭ്യമാക്കുന്നതിനായി 2021-22 ൽ നടപ്പാക്കിയ പ്രജക്റ്റ് പ്രകാരം നൽകിയ Rs. 39797/-രൂപ (ബിൽ നം. 10/25.02.22) നൽകിയിരുന്നു. എന്നാൽ ഈ തുകക്ക് കമ്പ്യൂട്ടർ ലഭ്യമാകില്ല എന്ന് കെൽട്രോൺ അറിയിച്ചതിനെ തുടർന്ന് ഈ പ്രൊജക്റ്റ് പ്രകാരം ബാക്കി തുക അനുവദിക്കുകയാണ് ചെയ്തത്. ആകെ 53837/-രൂപ അടവാക്കിയിട്ടും, നാളിതു വരെ കംപ്യൂട്ടർ ലഭ്യമാകുകയോ, അടവാക്കിയ തുക തിരികെ ലഭ്യമാവുകയോ ചെയ്തിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (16/31-7-23) സാങ്കേതികമായ പ്രശ്നം മൂലം സമയബന്ധിതമായി വർക്ക് ഓർഡർ നൽകാൻ കഴിയാത്തത് കൊണ്ടാണെന്നും കമ്പൂട്ടർ ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും മറുപടി നൽകി. കമ്പ്യൂട്ടർ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 14,040/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 പ്രൊജക്റ്റ് പൂർത്തീകരണം വൈകിയത് - വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്റ്റ് : 31/23, കടക്കാട്ടു പാറ കുടിവെള്ള വിതരണം - പൈപ്പ്ലൈൻ, പമ്പ് സെറ്റ്, വൈദ്യുത കണക്ഷൻ എന്നിവ ഒരുക്കൽ
അടങ്കൽ : 1500000, ചെലവ് : 1131206
ടി.എസ്. നം : 86701/2021-2022 DsoR 2018, COI 36.64% (RE. Vide.PR. 1(3)/16.5.2022)
കരാർ നമ്പർ : 64/11.3.2022 (Item Rate. Total.1185305), എംബുക്ക് നം: 258/21-22
കരാറുകാരൻ : മുഹമ്മദ് കുട്ടി.പി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ഈ പ്രൊജക്റ്റിന്റെ പ്രവൃത്തി സ്ഥലം 11.3.2022 ന് കരാറുകാരന് കൈമാറിയിട്ടുണ്ട്. കരാർ പ്രകാരം 180 ദിവസമാണ് പ്രവൃത്തി പൂർത്തീകരണ കാലയളവ്. പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ കരാറുകാരന് താഴെ കൊടുത്ത പ്രകാരം ബില്ലുകൾ അനുവദിച്ചിട്ടുണ്ട്.

| ബിൽ | പ്രവൃത്തി അളവ് | മൂല്യം | റിട്ടെൻഷൻ | ബാക്കി തുക |
|---|---|---|---|---|
| Ist & പാർട് | 27.3.2022 വരെ | 442529 | 12391 | 495632 വൗച്ചർ നം.91/30.3.2022<br>(12% GST ഉൾപ്പെടെ) |
| 2 Nd & പാർട് | 03.1.2023 വരെ | 600816 | 13466 | 635574 വൗച്ചർ നം.55/29.3.2023<br>(18% GST ഉൾപ്പെടെ) |
| ആകെ | | | | 1131206 രൂപ. |

പ്രൊജക്റ്റ് നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1. എസ്റ്റിമേറ്റിലെ പാർട് 1 ആയ പൈപ്പ്ലൈൻ സ്ഥാപിക്കൽ പ്രവൃത്തികൾ മാത്രമാണ് ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പാർട് ബിൽ അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ 16.5.2022 ന് തീരുമാനം എടുത്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയതിന് കരാറുകാരനോട് വിശദീകരണം ആവശ്യപ്പെട്ടതിന്റെ രേഖകൾ ഒന്നും ഫയലിൽ ഇല്ല. ഇപ്രകാരം വിശദീകരണം ആവശ്യപ്പെടാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകാൻ കരാറുകാരൻ ആവശ്യപ്പെട്ടതിന്റെ രേഖകൾ ഒന്നും ഫയലിൽ ഇല്ല. പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

2. പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ പാർട് 2 ആയി 150000 രൂപ L.S ആയി വകയിരുത്തിയ ഇലക്ട്രിഫിക്കേഷൻ,, പമ്പ് സെറ്റ് ലഭ്യമാക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ രേഖകൾ ഒന്നും ഫയലിൽ ഇല്ല. ഈ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 22/1.8.2023. മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 വി.ഇ.ഒ ഓഫീസിലേക്ക് പ്രിന്റർ- സ്റ്റോക്ക് അപാകത

വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതി നം. 184/23 പദ്ധതി പ്രകാരം, വി.ഇ.ഒ ഓഫീസിലേക്ക് പ്രിന്റർ വാങ്ങുന്നതിനായി, കെൽട്രോണിന്റെ പ്രൊഫോമ ഇൻവോയ്സ് നം. 43775/15.12.22 ന്റെ അടിസ്ഥാനത്തിൽ ബിൽ നം. 16/31.01.23 പ്രകാരം 35040/- രൂപ (മെയിന്റനൻസ് ഫണ്ട് -റോഡിതരം) കെൽട്രോണിന് നൽകിയിട്ടുണ്ട്. ഇത് പ്രകാരം ലഭ്യമായ പ്രിന്റർ നാളിതുവരെ സ്റ്റോക്കിലെടുത്തിട്ടില്ല. എച്ച്.പി കമ്പനിയുടെ ഒരു പുതിയ പ്രിന്റർ ലഭ്യമായത് വി.ഇ.ഒ ഓഫീസിൽ സ്ഥാപിച്ചതായി കാണുന്നുണ്ട്. ടി പ്രിന്ററിൽ സ്റ്റോക്ക് നമ്പറോ മറ്റ് വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. പ്രിന്റർ ലഭ്യമായതിന്റെ ഡെലിവറി ചലാൻ, ഇൻവോയ്സ് തുടങ്ങിയവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പദ്ധതി പ്രകാരമുള്ള പ്രിന്റർ തന്നെയാണോ ലഭ്യമായത് എന്നത് ഉറപ്പ് വരുത്താനായിട്ടില്ല.

കംപ്യൂട്ടർ / ഇലക്ട്രോണിക് മറ്റ് ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് രജിസ്റ്റർ/മൂവബിൾ അസറ്റ് രജിസ്റ്റർ പ്രകാരമുള്ള നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും, ഹാർഡ്വെയർ/സോഫ്റ്റ്വെയർ രജിസ്റ്ററിൽ ഓരോ കംപ്യൂട്ടറുകൾക്കും/ഉപകരണങ്ങൾക്കും പ്രത്യേക പേജുകൾ അനുവദിച്ച് അതാത് കംപ്യൂട്ടറുകൾ/ഉപകരണങ്ങൾ റിപ്പയർ/പാർട്സ് മാറ്റി വെക്കൽ നടത്തുമ്പോൾ ആ വിവരവും മാറ്റി വെക്കപ്പെട്ട ഉപകരണത്തിന്റെ വാറണ്ടി വിവരവും ടി പേജുകളിൽ രേഖപ്പെടുത്തുകയും ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 26/2022-23/03.08.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് Delivery Chellan Invoice എന്നിവ ലഭ്യമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന നിർമ്മാണം (എസ്.സി) പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1) പദ്ധതി നം. 141/23 ലൈഫ് ഭവന നിർമ്മാണം-എസ്.സി പദ്ധതിയിൽ ശ്രീമതി. കല്യാണി D/o നായാടി എന്നവർക്ക് 10/21 മുതൽ 02/ 22 വരെയായി ആകെ 1,60,000/-രൂപ (വികസന ഫണ്ട് SCP) അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയതിന് ശേഷം നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല. ടി വ്യക്തി മരണപ്പെട്ടതിനാൽ ടിയാരിയുടെ മൂന്ന് മക്കളിൽ ആർക്കാണ് തുടർന്ന് വീട്/തുക അനുവദിക്കേണ്ടത് എന്നത് സംബന്ധിച്ച് മക്കൾ തമ്മിൽ തീരുമാനമെടുക്കാത്തതിനാലാണ് ഭവന നിർമ്മാണം നിലച്ചത് എന്നാണ് വി.ഇ.ഒ അറിയിച്ചത്.

2) ശ്രീമതി. സതീദേവി, W/o ഗിരിജ ശങ്കർ എന്നവർക്ക് ബിൽ നം. 02/03.09.22 പ്രകാരം വീട് നിർമ്മാണം ആരംഭിക്കുന്നതിനായി ആദ്യ ഗഡു 40,000/- രൂപ(വികസന ഫണ്ട് SCP) അനുവദിച്ചിട്ടുണ്ട്. തുക അനുവദിച്ച് ഒരു വർഷമാകാറായിട്ടും നാളിതുവരെ നിർമ്മാണം തുടങ്ങിയിട്ടില്ല. വഴി സംബന്ധമായ പ്രശ്നം നില നിൽക്കുന്നതിനാലാണ് നിർമ്മാണം ആരംഭിക്കാത്തത് എന്നാണ് വി.ഇ.ഒ അറിയിച്ചത്. ഭവന നിർമ്മാണം ആരംഭിക്കുകയോ അല്ലായെങ്കിൽ തുക തിരികെ ഈടാക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയത്തിൽ ഭരണസമിതി അടിയന്തരിമായി ഇടപെട്ട് പ്രശ്നപരിഹാരത്തിനും വീട് പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ. 33/03-08-2023)

## 1-24 പരിരക്ഷ പദ്ധതി അപാകതകൾ

പദ്ധതി - 58/23 പരിരക്ഷ പാലിയേറ്റീവ് കെയർ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ-പി.എച്ച്.സി

അടങ്കൽ - 9,00,000/-(700000വികസന ഫണ്ട് ജനറൽ+200000 ബ്ലോക്ക് വിഹിതം)

ചെലവ് - 899649/-

ഗ്രാമപഞ്ചായത്തിലേക്ക് സംഭാവനയായി ലഭിച്ച KL 65 0004 നമ്പർ മാരുതി ഓംനി ആംബുലൻസ് വാഹനമാണ് പരിരക്ഷ പദ്ധതിയിൽ ഹോം കെയറിനായി ഉപയോഗിക്കുന്നത്. ആയതിന് ഒരു ദിവസം 730 രൂപ നിരക്കിൽ ദിവസ വേതന ഡ്രൈവറെ ഗ്രാമപഞ്ചായത്ത്, പരിരക്ഷ പദ്ധതിയിൽ നിന്നും വേതനം നൽകി നിയമിച്ചിട്ടുമുണ്ട്. മേൽ വാഹനത്തിന്റെ ലോഗ് ബുക്ക്, പരിരക്ഷ ഹോം വിസിറ്റ് രജിസ്റ്റർ, ചെലവ് രേഖകൾ തുടങ്ങിയവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പരിരക്ഷ വീട് സന്ദർശനം നടത്തുന്ന എല്ലാ ദിവസങ്ങളിലെയും വാഹനത്തിന്റെ റണ്ണിംഗ് വിവരങ്ങൾ ലോഗ് ബുക്കിൽ ചേർക്കുന്നില്ല. ലോഗ് ബുക്കിൽ ചേർക്കാത്ത ദിവസങ്ങൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

28.04.22, 29.04.22, 30.04.22, 30.05.22,18.07.22, 21.07.22, 22.07.22, 23.07.22, 25.08.22, 09.09.22, 23.09.22, 28.10.22, 25.11.22, 10.12.22, 16.12.22, 24.01.23, 14.02.23, 16.02.23, 17.02.23, 20.02.23, 21.02.23, 22.03.23

2) ലോഗ് ബുക്കിൽ മാസാന്ത സംക്ഷിപ്തം രേഖപ്പെടുത്തുകയോ കസ്റ്റോഡിയൻ ഓഫീസറോ മറ്റോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

3) രജിസ്റ്റർ പ്രകാരം വീട് സന്ദർശനം നടത്താത്ത, 26.08.22, 31.10.22 എന്നീ ദിവസങ്ങളിൽ വീട് സന്ദർശനം നടത്തിയതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

4) വീട് സന്ദർശനത്തിനോ/ മറ്റ് ആവശ്യങ്ങൾക്കോ വാഹനം ഓടാത്ത ദിവസങ്ങൾ കൂടി കണക്കിലെടുത്ത് ഡ്രൈവർക്ക് അധിക തുക വേതനം അനുവദിച്ചു.

| ക്രമ നം | ബിൽ നം | മാസം | ഹോം വിസിറ്റ്/മറ്റ് ട്രിപ്പ് എണ്ണം | വേതനം അനുവദിച്ച ദിവസങ്ങളുടെ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 01/14.06.23, Rs. 75031 | 05/2022 | 16 | 17 | 1x730=730 |
| 2 | 03/19.08.22 Rs. 42336 | 07/2022 | 17 | 18 | 1x730=730 |
| 3 | 04/06.09.22 Rs. 44753 | 08/2022 | 16 | 17 | 1x730=730 |
| 4 | 06/21.11.22 Rs. 35910 | 10/2022 | 15 | 16 | 1x730=730 |

| | |
|---|---|
| ആകെ | 2920/- |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം 24/01.08.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും, ആയത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഡ്രൈവർക്ക് അധികം നൽകിയ 2920/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-25 പി.എച്ച്.സി/പരിരക്ഷ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ-പി.എച്ച്.സി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് KMSCLന് പണം അനുവദിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നം.18/23-PHC ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 5,00,000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 5,00,000/-

ബിൽ നം - 11/22-23/07.02.23

PRF3550/12.01.23 ന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം 5,00,000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

2) പദ്ധതി നം.58/23-പരിരക്ഷ പദ്ധതി

അടങ്കൽ - 9,00,000/-(700000വികസന ഫണ്ട് ജനറൽ+200000 ബ്ലോക്ക് വിഹിതം)

ചെലവ് - 9,00,000/-

(A) വിവിധ ബില്ലുകൾ പ്രകാരം ചെലവ് ചെയ്ത ആകെ 900000/- രൂപയിൽ, PRF3823/21.01.23 ന്റെ അടിസ്ഥാനത്തിൽ ബിൽ നം. 10/22-23/07.02.23 പ്രകാരം KMSCLന് അനുവദിച്ച 200000/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടില്ല.

(B) മേൽ 900000/- രൂപയുടെ ആകെ ചെലവിൽ PRF5276/14.03.23 ന്റെ അടിസ്ഥാനത്തിൽ ബിൽ നം. 14/22-23/28.03.23 പ്രകാരം KMSCLന് അനുവദിച്ച 200000/- രൂപയിൽ ചുവടെ ചേർത്ത ഇൻവോയ്സുകൾ പ്രകാരം ആകെ 87,110/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായതായത്.

| ക്രമ നം | KMSCL ഇൻവോയ്സ് നം | തുക |
|---|---|---|
| 1 | 7057/01.06.23 | 18417/- |
| 2 | 3043/11.05.23 | 838/- |
| 3 | 10710/26.6.23 | 49191/- |
| 4 | 11895/7.7.23 | 18664/- |
| ആകെ | | 87110/- |

112890/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനവശേഷിക്കുന്നുണ്ട്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 25/01-08-2023ന് ലഭ്യമാക്കിയ മറുപടിയിൽ, മരുന്നുകൾ ലഭ്യമാക്കുന്നതിന് KMSCLന് കത്ത് നൽകിയതായും ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണ് എന്നും അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 പി.എം.എ.വൈ വിഹിതം - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് നമ്പർ/പേര് : 80/23 പി.എം.എ.വൈ.ജി വിഹിതം നൽകൽ ജനറൽ

അടങ്കൽ തുക : 70,000 രൂപ

ചെലവ് തുക : 70,000 രൂപ

വൗച്ചർ നമ്പർ : 42200933/22.02.2023

ഫണ്ട് : വികസന ഫണ്ട് ജനറൽ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി മേൽ പ്രൊജക്ട് പ്രകാരം 70,000 രൂപ ചെലവഴിച്ചിട്ടുണ്ട്. കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ആയത് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 13/31.07.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത്ചെലവ് തുക 70,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-27 പി.എച്ച്.സി കെട്ടിട വാടക - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് നമ്പർ/പേര് : 63/23 പി.എച്ച്.സി കെട്ടിടത്തിന്റെ വാടക നൽകൽ

അടങ്കൽ തുക : 1,70,000 രൂപ

ചെലവ് തുക : 1,52,964 രൂപ

ബിൽ റഫറൻസ് നമ്പർ : 22150652007601399744/18.03.2023

ഫണ്ട് : മെയിന്റനൻസ് ഫണ്ട് റോഡിതരം

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം പി.എച്ച്.സി കെട്ടിടത്തിന്റെ വാടക ശ്രീ. മുഹമ്മദ് ഷരീഫ് സി.കെ എന്ന വ്യക്തിക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. പ്രൊജക്ട് നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഏതെല്ലാം മാസങ്ങളിലെ വാടകയാണ് നൽകിയത് എന്ന് വ്യക്തമല്ല.

2. വാടക തുക കൈപ്പറ്റിയതിന് രശീതി ലഭ്യമാക്കിയിട്ടില്ല.

3. പ്രതിമാസ വാടക നിശ്ചയിച്ചതിന്റെയും, വാടക കണക്കാക്കിയതിന്റെയും വിവരം ലഭ്യമല്ല.

4. വാടകക്കാരനുമായി കരാർ ചമച്ചതിന്റെ വിവരം ഇല്ല.

5. വാടക നൽകുന്നതിന് ഭരണസമിതി തീരുമാനം എടുത്തതിന്റെ രേഖകൾ ലഭ്യമല്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 10/31.07.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും, അപാകതക്ക് വിശദീകരണം നൽകേണ്ടതുമാണ്. ചെലവ് തുക 1,52,964 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 പി.എം.എ.വൈ വിഹിതം - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

നിർവഹണം : അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നമ്പർ/പേര് : 183/23 പി.എം.എ.വൈ.ജി വിഹിതം നൽകൽ എസ്.സി

അടങ്കൽ തുക : 1,40,000 രൂപ

ചെലവ് തുക : 1,40,000 രൂപ

വൗച്ചർ നമ്പർ : 42200945/27.02.2023

ഫണ്ട് : വികസന ഫണ്ട് (എസ്.സി.പി)

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം 1,40,000 രൂപ ചെലവഴിച്ചിട്ടുണ്ട്. കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ആയത് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 23/01.08.2023) മറുപടി ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 1,40,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-29 പി.എച്ച്.സി വാക്സിനേഷൻ സെന്റർ വാടക - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് നമ്പർ/പേര് : 76/23 പി.എച്ച്.സി വാക്സിനേഷൻ സെന്ററായി ഉപയോഗിക്കുന്ന കെട്ടിടത്തിന് വാടക നൽകൽ

അടങ്കൽ തുക : 1,75,000 രൂപ

ചെലവ് തുക : 37,424 രൂപ

വൗച്ചർ നമ്പർ : 22200809/21.02.2023

ഫണ്ട് : തനത് ഫണ്ട്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം പാണമ്പ്ര 11ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പി.എച്ച്.സി യുടെ വാക്സിനേഷൻ സെന്റർ പ്രവർത്തിക്കുന്ന സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള ക്വാർട്ടേഴ്സുകളിൽ ഒന്നിന്റെ വാടക അനുവദിച്ച നൽകിയിട്ടുണ്ട്. ടി കെട്ടിടം വാടകക്ക് എടുക്കുന്നത് സംബന്ധിച്ച് ഭരണ സമിതി തീരുമാനം എടുത്ത് കരാർ വെച്ചിരുന്നില്ലെങ്കിലും, കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ സ്ഥല സൗകര്യം കുറവുള്ള പി.എച്ച്.സി യിൽ വാക്സിനേഷൻ സെന്ററായി പ്രസ്തുത കെട്ടിടം പ്രവർത്തിച്ച് വരുന്നുണ്ട് എന്ന് 27.10.2022 ലെ 13/1 തീരുമാന പ്രകാരം ഭരണസമിതി വിലയിരുത്തുകയും, വാക്സിനേഷൻ സെന്ററായി ഉപയോഗിച്ച് വരുന്ന കെട്ടിടത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ നിശ്ചയിച്ച നൽകിയ പ്രതിമാസ വാടക 2339/- രൂപ 2020 ഏപ്രിൽ മുതൽ 2022 ഒക്ടോബർ വരെ അനുവദിച്ച് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഭരണസമിതി തീരുമാനം എടുത്തിരുന്നു. അതനുസരിച്ച് 37424 രൂപ വാടക ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ചെലവഴിച്ച തുക പ്രകാരം 16 മാസത്തെ വാടകയാണ് നൽകിയത് എന്ന് വ്യക്തമാവുന്നു. എന്നാൽ ഏതെല്ലാം മാസങ്ങളിലെ വാടകയാണ് നൽകിയത് എന്ന് വ്യക്തമല്ല.

2. വാടക തുക കൈപ്പറ്റിയതിന് സ്ഥാപനം രശീതി നൽകിയിട്ടില്ല.

3. ഭരണസമിതി തീരുമാനം പ്രകാരം 2020 ഏപ്രിൽ മുതൽ 2022 ഒക്ടോബർ വരെ 31 മാസത്തെ വാടക അനുവദിച്ച് നൽകാനുണ്ട്. വാടക കുടിശ്ശിക മുഴുവൻ അനുവദിച്ച് നൽകാത്തതിന്റെ കാരണം വ്യക്തമല്ല.

4. സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിലിന്റെ 20.09.2022 ലെ CC 316/09/2022 കത്ത് പ്രകാരം 01.10.20222 ന് പൊതു പ്രവർത്തനാവശ്യാർത്ഥം കോർട്ടേഴ്സ് ആവശ്യമായി വന്നതിനാൽ 30.09.2022 നകം ക്വാർട്ടേഴ് ഒഴിവാക്കി തരണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കത്തിലെ അപേക്ഷ പരിഗണിച്ച് ക്വാർട്ടേഴ് ഒഴിഞ്ഞു കൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. 30.09.2022 ന് ക്വാർട്ടേഴ് ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിൽ 2022 ഒക്ടോബർ മാസം വരെ വാടക നൽകണമെന്ന് ഭരണസമിതി എടുത്ത തീരുമാനം ക്രമപ്രകാരമല്ല.

5. നിലവിൽ പി.എച്ച്.സി യിൽ വാക്സിനേഷൻ സെന്റർ എവിടെയാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ലഭ്യമല്ല. പുതിയ കെട്ടിടം വാടകക്ക് എടുത്തതിന്റെ വിവരവും ലഭ്യമല്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 11/31.07.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും, അപാകതക്ക് വിശദീകരണം നൽകേണ്ടതുമാണ്. ചെലവ് തുക 37,424 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-30 പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - തുടർ നടപടി ഇല്ല

പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നത് സംബന്ധിച്ച് 22.12.2021ൽ പഞ്ചായത്തും വാട്ടർ അതോറിറ്റിയും ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ 134 ടാപ്പുകൾ ആണ് നിലവിലുള്ളത് എന്ന് കണ്ടെത്തിയതിനെ തുടർന്ന് 134 ടാപ്പുകൾക്ക് 64633 രൂപ വീതം പ്രതിമാസം വെള്ളക്കരം അടവാക്കി വരുന്നുണ്ട്.
നിലവിലുള്ളതായി കണ്ടെത്തിയ 134 ടാപ്പുകളിലെ 29 എണ്ണത്തിൽ ഭാഗികമായി മാത്രമെ വെള്ളം ലഭിക്കുന്നുള്ളുവെന്നും, അവയിൽ ഏതെല്ലാം റിപ്പയർ ചെയ്ത് നിലനിർത്തണം ഏതെല്ലാം പൂർണ്ണമായി ഒഴിവാക്കണം എന്നും അറിയിക്കുവാൻ വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ആവശ്യപ്പെട്ടതായി 7.02.2022 ലെ 7(1) നമ്പർ ഭരണ സമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ഒരു റിപ്പോർട്ട് വാട്ടർ അതോറിറ്റിക്ക് നൽകാത്ത കാര്യം 2021-22 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

2022-23 ൽ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 910189 രൂപ കേരള വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്. (4/2022 മുതൽ 12/2022 വരെ 581697 രൂപയും (64633 X 9), 01/2023 ന് 101283 രൂപയും, 02/22023 ന് 64633 രൂപയും, 03/2023 ന് 162576 രൂപയും) ഭരണ സമിതിയുടെ 28.11.2022 ലെ 4 (1) നമ്പർ തീരുമാന പ്രകാരം 22.12.2021ൽ ഒന്നാം വാർഡ് മെമ്പറുടെ അപേക്ഷ പരിഗണിച്ച് മേൽ ഖണ്ഡികയിൽ പറഞ്ഞ 29 ടാപ്പുകളിൽ കോമരപ്പടി പറമ്പത്ത്കാവ് എന്നീ 2 ടാപ്പുകൾ നില നിർത്തുന്നതിനും ബാക്കിയുള്ള 27 ടാപ്പുകൾ ഒഴിവാക്കി നൽകുന്നതിനും വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതിനും തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ തീരുമാനത്തിന്റെ തുടർ നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ആയതിനാൽ തന്നെ നിലവിലും 134 ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കി വരുന്നു. 01/2023 പ്രാബല്യത്തിൽ വാട്ടർ അതോറിറ്റി വെള്ളക്കരം വർധിപ്പിച്ചതിനാൽ ഈ ഇനത്തിൽ ഭീമമായ തുക പ്രതിമാസം ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് നൽകി വരുന്നുണ്ട്. 03/2023 ൽ 1,62,576 രൂപയാണ് വെള്ളക്കരമിനത്തിൽ അടവാക്കേണ്ടി വന്നത്.

ഭരണ സമിതി തീരുമാനം നടപ്പാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 27/02.08.2023) ഭരണ സമിതി തീരുമാനം നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ഉപയോഗിക്കുന്ന പൊതു ടാപ്പുകൾക്ക് മാത്രമേ വെള്ളക്കരം അടവാക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതും, ഇക്കാര്യത്തിലെ തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-31 പദ്ധതി രൂപീകരണ ചെലവുകൾ - രേഖകൾ ലഭ്യമാക്കേണ്ടതാണ്

നിർവഹണം : സെക്രട്ടറി
പ്രൊജക്ട് നമ്പർ/പേര് : 60/23 പദ്ധതി രൂപീകരണം നിർവഹണം മോണിറ്ററിംഗ് ചെലവുകൾ
അടങ്കൽ തുക : 1,50,000 രൂപ
ചെലവ് തുക : 1,44,855 രൂപ
ഫണ്ട് : തനത് ഫണ്ട്

പദ്ധതി രൂപീകരണം നിർവഹണം മോണിറ്ററിംഗ് എന്നിവക്കായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം 1,44,855 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന ചെലവ് തുകകളുടെ അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വൗച്ചർ നമ്പർ | ചെലവ് തുക | ചെലവ് വിശദാംശം | കുറിപ്പ് |
|---|---|---|---|---|
| 1 | 22200879/09.03.2023 | 16260 | റിഫ്രഷ്മെന്റ് ചാർജ് ഇനത്തിൽ ശ്രീ. അബ്ബാസ് അലിക്ക് | ഫയലിൽ ലഭ്യമായ ബില്ല് പ്രകാരം (ഫ്രണ്ട്സ് ബേക്കറി കൂൾ & കോഫി ബാർ) 08.02.2023 ലെ വികസന സെമിനാർ |

| | | | | |
|---|---|---|---|---|
| | | | നൽകിയത് | ഭക്ഷണം നൽകിയതിന് 9200/- രൂപയും (ബിൽ നമ്പർ 311), ബിൽ നമ്പർ 308 പ്രകാരം വിവിധ തിയ്യതികളിലെ (06.11.23 – 700 + 07.11.23 – 450 + 21.01.23 – 1400 + 31.01.23 – 760 + 08.02.23 - 400) റിഫ്രഷ്മെന്റ് ചാർജ് ഇനത്തിൽ 3710/- രൂപയും ഉൾപ്പെടെ ആകെ 12,910 രൂപയുടെ ചെലവാണ് കാണുന്നത്. എന്നാൽ 16,260 രൂപ അനുവദിച്ച് നൽകി. അധിക ചെലവ് 3,350/- രൂപ. |
| 2 | 22200944/26.03.2023 | 31322 | അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി ക്ക് നൽകിയ തുക | കെ.എസ്.ഇ.ബി യുടെ ബില്ല് ഇല്ല |
| 3 | 22200394/01.09.2022 | 2035 | ജില്ലാ പഞ്ചായത്ത് പ്രൊജക്ട് വഴി നടപ്പാക്കുന്ന GHSS യൂണിവേഴ്സിറ്റി ക്യാമ്പസ് കിണർ നിർമ്മാണത്തിന് ഭൂജല സർവേ നടത്തുന്നതിന് ജില്ലാ ഭൂജല വകുപ്പിന് നൽകിയ തുക | തുക കൈപ്പറ്റിയതിന്റെ വിവരം, സർവേ നടത്തിയതിന്റെ വിവരം, പ്രൊജക്ട് നടപ്പിലായ വിവരം എന്നിവ ഇല്ല |
| ആകെ | | 49617 | | |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 12/31.07.2023) മറുപടി ലഭ്യമാക്കിയില്ല. ക്രമ നമ്പർ 1 ലെ 3,350/- രൂപയുടെ അധിക ചെലവ് തിരികെ ഇടാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ക്രമ നമ്പർ 2, 3 എന്നിവയിലെ ചെലവ് തുക 33,357 (31322 + 2035) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-32 മുൻകൂർ തുക നൽകി - കമ്പ്യൂട്ടർ / പ്രിന്റർ ലഭ്യമായില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ടുകൾ പ്രകാരം പഞ്ചായത്ത് ഓഫീസ്, ബി.ആർ.സി എന്നിവിടങ്ങളിലേക്ക് പ്രിന്റർ, കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിന് 2,59,883 രൂപ കെൽട്രോണിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രിന്റർ, കമ്പ്യൂട്ടർ എന്നിവ നാളിതുവരെ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | പ്രഫോർമ ഇൻവോയ്സ് നമ്പർ / തിയ്യതി | തുക | വിശദാംശം | കുറിപ്പ് |
|---|---|---|---|---|
| പ്രൊജക്ട് നമ്പർ/പേര് : 228/23 പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ കമ്പ്യൂട്ടർ<br>അടങ്കൽ തുക : 1,79,988 രൂപ<br>ചെലവ് തുക : 1,79,988 രൂപ<br>ബിൽ റഫറൻസ് നമ്പർ : 22150652007601261704/28.02.2023<br>ഫണ്ട് : വികസന ഫണ്ട് ജനറൽ | TVM/ITBG /PI/RC /46532 /22-23 തി: 24.02.2023 | 109908 | 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് നൽകിയ തുക (Desktop Medium End-Windows 11 Prof) 2 X 54954 | കമ്പ്യൂട്ടർ ലഭ്യമാക്കിയതായി കെൽട്രോണിന്റെ ഡെലിവറി ചലാൻ ഫയലിൽ കാണുന്നു. ഇൻവോയ്സ് ഇല്ല. കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. |
| | TVM/ITBG /PI/RC /46532 /22-23 തി: | 70080 | 2 പ്രിന്റർ വാങ്ങുന്നതിന് നൽകിയ തുക (A4 Multi | പ്രിന്റർ നാളിതുവരെ ലഭ്യമായതായി കാണുന്നില്ല. |

| | | | | |
|---|---|---|---|---|
| | 24.02.2023 | | Function Printer, Windows And Ubuntu) 2 X 35040 | |
| ആകെ | | 179988 | | |
| പ്രൊജക്ട് നമ്പർ/പേര് : 243/23 ബി ആർ സിലേക്ക് പ്രിന്റർ കമ്പ്യൂട്ടർ<br>അടങ്കൽ തുക : 80,000 രൂപ<br>ചെലവ് തുക : 79,895 രൂപ<br>ബിൽ റഫറൻസ് നമ്പർ : 22150652007601384094/17.03.2023<br>ഫണ്ട് : വികസന ഫണ്ട് ജനറൽ | TVM/ITBG /PI/RC /47459 /22-23 തി: 16.03.2023 | 44855 | ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് നൽകിയ തുക (Desktop Medium End-Windows 11 Home) | കമ്പ്യൂട്ടർ നാളിതുവരെ ലഭ്യമായതായി കാണുന്നില്ല. |
| | TVM/ITBG /PI/RC /44176 /22-23 തി: 28.12.2022 | 35040 | ഒരു പ്രിന്റർ വാങ്ങുന്നതിന് നൽകിയ തുക (A4 Multi Function Printer, Windows And Ubuntu) | ഇൻവോയ്സ് ഫയലിൽ ഉണ്ട്. പ്രിന്റർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| ആകെ | | 79895 | | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 08/31.07.2023) മറുപടി ലഭ്യമാക്കിയില്ല. ഉപകരണങ്ങൾ ലഭ്യമായ വിവരം, സ്റ്റോക്കിലെടുത്ത വിവരം എന്നിവ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 2,59,883 (179988 + 79895) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-33 രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനം പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 266 പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. സെക്ഷൻ 267 പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നടത്തുകയോ പരിപാലിക്കുകയോ ചെയ്താൽ ആയിരം രൂപ വരെയുള്ള പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും നൂറ് രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലാത്തതുമാണ്. രജിസ്റ്റർ ചെയ്യുമ്പോൾ/പുതുക്കുമ്പോൾ നിശ്ചിത ഫീസ് ഈടാക്കേണ്ടതുമുണ്ട്.

ഗ്രാമപഞ്ചായത്ത് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, ലൈസൻസ് രജിസ്റ്ററിലെ നം. 168 പ്രകാരം 14/274 നമ്പർ കെട്ടിടത്തിൽ, ശ്രീമതി. മോനിഷ എന്നവർക്ക് 'എലൈറ്റ് അക്കാഡമി' എന്ന ട്യൂഷൻ സെന്റർ നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ ഈ സ്ഥാപനം കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 266 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെയോ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ രേഖകൾ ലഭ്യമായിട്ടില്ല. ടി സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടും മേൽ ചട്ട പ്രകാരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണോ എന്നത് പരിശോധിക്കപ്പെട്ടിട്ടില്ല.

മേൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ രജിസ്ട്രേഷൻ രേഖകൾ സഹിതം വിവരം ലഭ്യമാക്കുന്നതിനും, അല്ലായെങ്കിൽ രജിസ്റ്റർ ചെയ്യാത്തതിന്റെ വ്യക്തമായ കാരണം ഉൾപ്പടെയുള്ള വിശദീകരണം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 07/2022-23/29.07.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരം രജിസ്റ്റർ ചെയ്യാതെ

പ്രവർത്തിച്ച മേൽ സ്ഥാപനത്തിൽ നിന്നും നിയമാനുസൃത പിഴകളും രജിസ്ട്രേഷൻ ഫീസും ഈടാക്കി ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-34 തെരുവ് വിളക്ക് അറ്റകുറ്റപ്പണി - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവു വിളക്ക് റിപ്പയർ എന്ന പ്രോജക്ടിനായി (പ്രൊജക്ട് നമ്പർ 49/23) 2022-23 വർഷത്തിൽ 78,325 രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ റഫറൻസ് നമ്പർ : 22150652007600374951/29.07.2022, അടങ്കൽ : 78,325, ചെലവ് തുക : 78,325, ഫണ്ട് : വികസന ഫണ്ട് ജനറൽ) മേൽ പ്രവർത്തിക്കായി 27.12.2021 ന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. വത്സരാജ് കെ.പി എന്നയാളുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ഒരു വർഷത്തേക്ക് ഭരണസമിതി അംഗീകരിച്ച നിരക്കിൽ തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ടിയാളുമായി 03.03.2022 ന് കരാർ വെച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ ടിയാന് 1,56,650 രൂപ തെരുവുവിളക്കുകൾ റിപ്പയർ ചെയ്തതിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

ടെണ്ടർ ക്ഷണിച്ചപ്പോൾ എൽ.ഇ.ഡി, സി.എഫ്.എൽ, ട്യൂബ് എന്നിവ ഉൾപ്പെടെയുള്ള തെരുവുവിളക്കുകൾ ഒരെണ്ണം കേടുപാട് തീർക്കുന്നതിനുള്ള നിരക്കാണ് ക്വാട്ട് ചെയ്യേണ്ടത് എന്ന് പ്രത്യേകം പരാമർശിച്ചിരുന്നു. അത് പ്രകാരം 12 + 12 W LED ബൾബുകൾ (സെമി ഓട്ടോമാറ്റിക്) റിപ്പയർ ചെയ്യുന്നതിന് ജി.എസ്.ടി ഉൾപ്പെടെ 700 രൂപയും, 18 W LED ബൾബുകൾ റിപ്പയർ ചെയ്യുന്നതിന് ജി.എസ്.ടി ഉൾപ്പെടെ 600 രൂപയും, 12 W LED ബൾബുകൾ റിപ്പയർ ചെയ്യുന്നതിന് ജി.എസ്.ടി ഉൾപ്പെടെ 500 രൂപയും ആണ് കരാറുകാരൻ ക്വാട്ട് ചെയ്തിരുന്നത്. കരാറുകാരൻ പഞ്ചായത്തിൽ സമർപ്പിച്ച ഇൻവോയ്സ് (നമ്പർ : 13/26.03.2022) പ്രകാരം 12 + 12 W LED ബൾബുകൾ (സെമി ഓട്ടോമാറ്റിക്) 97 എണ്ണം റിപ്പയർ ചെയ്തതിന് 67,900 രൂപയും, 18 W LED ബൾബുകൾ 304 എണ്ണം റിപ്പയർ ചെയ്തതിന് 1,82,400 രൂപയും, 12 W LED ബൾബുകൾ 126 എണ്ണം റിപ്പയർ ചെയ്തതിന് 63,000 രൂപയും ഉൾപ്പെടെ 3,13,300 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. അറ്റകുറ്റപ്പണി നടത്തിയപ്പോൾ പഴയ ബൾബ് മാറ്റി പുതിയവ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇൻവോയ്സ് പ്രകാരം ബൾബ്, ഹോൾഡർ, വയർ, സർവീസ് ചാർജ് എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബൾബ് മാറ്റി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ പുതിയ LED ബൾബുകളുടെ വാറണ്ടി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. കൂടാതെ അറ്റകുറ്റപ്പണി നടത്തിയപ്പോൾ നിലവിൽ പ്രവർത്തനരഹിതമായ വിളക്കുകൾ/കേടുവന്ന സാധനങ്ങൾ എന്ത് ചെയ്തു എന്ന വിവരം ലഭ്യമല്ല.

2. വിളക്ക് റിപ്പയർ സംബന്ധിച്ച് മെമ്പർമാരുടെ സാക്ഷ്യപത്രം ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള മെമ്പർമാരുടെ സാക്ഷ്യപത്ര പ്രകാരം ചുവടെ ചേർക്കും പ്രകാരം വിളക്ക് റിപ്പയർ ചെയ്തിട്ടുണ്ട്.

| വാർഡ് നമ്പർ | വാർഡിന്റെ പേര് | റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം |
|---|---|---|
| 1 | കടക്കാട്ടുപാറ | 32 |
| 2 | മണികുളത്ത് പറമ്പ് | 39 |
| 3 | ഇല്ലത്ത് | 31 |
| 4 | എലമ്പുലാശ്ശേരി | 32 |
| 5 | യൂണിവേഴ്സിറ്റി | 31 |
| 6 | കോഹിനൂർ | 48 |
| 7 | ദേവതിയാൽ | 29 |
| 8 | നീരോൽപ്പലം | 25 |
| 9 | ചുള്ളോട്ടുപറമ്പ് | 30 |
| 10 | പാണമ്പ്ര | 27 |
| 11 | നേതാജി | 43 |
| 12 | അല്ലുങ്ങൽ | 28 |
| 13 | പടട്ടാൽ | 30 |
| 14 | ചെനക്കലങ്ങാടി | 24 |
| 15 | മാതപ്പുഴ | 15 |
| 16 | കൊളത്തോട് | 33 |
| 17 | അരീപ്പാറ | 30 |
| ആകെ | | 527 |

എന്നാൽ ഏതൊക്കെ വാട്സിന്റെ ബൽബുകളാണ് പ്രസ്തുത വാർഡുകളിൽ റിപ്പയർ ചെയ്തത് എന്ന് വ്യക്തമാക്കിയിട്ടില്ല. പുതിയ ബൾബ് സ്ഥാപിച്ചിട്ടുണ്ടോ എന്നും വിശദീകരിച്ചിട്ടില്ല.

4. തെരുവുവിളക്കുകളുടെ ഇനം, വിവരം, ലൊക്കേഷൻ, വാറണ്ടി വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് കൃത്യമായ വിവര ശേഖരണം നടത്തിയിട്ടില്ല.

5. കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല (ഗവ. സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തി. 15.09.2011)

6. പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. പൊതു ജനങ്ങൾക്കും, മെമ്പർമാർക്കും ഉൾപ്പെടെ തെരുവു വിളക്കുകളുടെ കംപ്ലയിന്റുകൾ രേഖപ്പെടുത്തുന്നതിന് കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 14/31.07.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ സംബന്ധിച്ച് വിശദമായ മറുപടി ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-35 റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല.

പ്രൊജക്ട്-SO-84/23, ദേവതിയാൽ ഞാച്ചൊലി റോഡ്
അടങ്കൽ- 185000/- ( MG. Road)
ചെലവു തുക 181606/- വൗച്ചർ നമ്പർ.39/20.3.2023
കരാർ 23/30.12.2022 (153949.05രൂപ. 9%കുറവ്)
കോൺട്രാക്ടർ - മുഹമ്മദ് കുട്ടി.പി
അളവ് പുസ്തകം- E M Book
TS.No.52209/19.11.2022 കോസ്റ്റ് ഇൻഡക്സ് 36.44%

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

എസ്റ്റിമേറ്റ് പ്രകാരം 86.50x3.00x0.075=19.463m3 അളവിലാണ് വെറ്റ് മിക്സ് ചെയ്യേണ്ടത്. എന്നാൽ 27.075m3 നിർവ്വഹിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഇതിൽ 24.329+2.520=26.84m3 ന് ബിൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയുടെ പരമാവധി 25% വരെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇല്ലാതെ അനുവദിച്ച് നൽകാവുന്നതാണ്. ഇതു പ്രകാരം 19.46+25%=24.326m3 പ്രവൃത്തിക്ക് തുക അനുവദിച്ചത് ക്രമപ്രകാരമാണ്. 2.514 M3ന് അനുവദിച്ചത് ക്രമ പ്രകാരമല്ല. അപാകതകളുടെ വെളിച്ചത്തിൽ 25%ൽ അധികരിച്ച് അനുവദിച്ച അളവിന് നൽകിയ തുക 2.514 X3036.89 എം3= 7634.74 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. അപാകതക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ. 4/29-7-2023 മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-36 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കംപ്യൂട്ടറുകൾ - കംപ്യൂട്ടർ ലഭ്യമായിട്ടില്ല

പദ്ധതി നം. : 209/23 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കംപ്യൂട്ടറും യു.പി.എസും വാങ്ങൽ
അടങ്കൽ: : 250000/-(വികസന ഫണ്ട്-ജനറൽ)
ചെലവ് : 243080 രൂപ
നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്റ്റിന്റെ ഭാഗമായി, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കംപ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനായി, പ്രഫോമ ഇൻവോയ്സ് നം.47464/16.3.2023 (ലാപ് ടോപ് 48276 രൂപ), 47465/19.3.2023 (ഡെസ്ക് ടോപ് 54954 രൂപ) എന്നിവയുടെ അടിസ്ഥാനത്തിൽ, ബിൽ നമ്പർ 221506520374015123344/28.3.2023 പ്രകാരം 103280 രൂപ പിൻവലിച്ച് കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്. 103280 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. ഓഡിറ്റ് എൻക്വയറി നമ്പർ. 21/1-8-2023 മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 58/23പരിരക്ഷ പാലിയേറ്റീവ് കെയർ | 200000 | 0 |
| | 1210000 | 141/23 ലൈഫ് ഭവന പദ്ധതി എസ്സി | 1210000 | 0 |
| | 500000 | 107/23 ഭിന്നശേഷി സ്കോളർഷിപ്പ് | 500000 | 0 |
| | 199434 | 186/23ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 199434 | 0 |
| ജില്ലാ പഞ്ചായത്ത് | 198000 | 107/23 ഭിന്നശേഷി സ്കോളർഷിപ്പ് | 198000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 144/23 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിനുമുകളിലുള്ള 11 KV ലൈൻ മാറ്റി സ്ഥാപിക്കൽ | 22200646 Dtd 19-12-22 | 703607 | 0 | പൂർത്തീകരിച്ചിട്ടില്ല | 703607 |
| | 208/23പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിനു അടുത്തുള്ള ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ അധിക തുക നൽകി | 22150652007601238817/2-2-23 | 222854 | 0 | പൂർത്തീകരിച്ചിട്ടില്ല | 222854 |
| | 237/23 വൈ എം നഗർ കടുങ്ങോലത്ത് പടി റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22150652007601238822/24-2-23 | 71126 | 0 | പൂർത്തീകരിച്ചിട്ടില്ല | 71126 |

പ്രവൃത്തികൾ പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2015-16 | 2-2 | 1090 | സെക്രട്ടറി,കോ ഓപ്പറേറ്റീവ് ബാങ്ക് | 1220102407/31-08-22 |
| 2021-22 | 1-12 | 543 | DMS ഹോസ്പിറ്റൽ ,ചേളാരി | 1220102412/25-10-22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2004-05 | പൊതു പരാമർശം | കൊയ്ത്തുമെതിയന്ത്രം- പദ്ധതി ലക്ഷ്യം നേടിയില്ല | കാലപ്പഴക്കത്താൽ നശിച്ച ഉപകരണങ്ങൾ ലേല നടപടികൾക്കായി ചലാൻ അടച്ച് പിഡബ്ലിയുഡി മെക്കാനിക്കൽ വിഭാഗത്തിന് അനുമതിക്കായി സമർപ്പിച്ചു. |
| 2011-12, 2012-13 | 3(1) | 2014-15 | | നിഷ്ക്രിയാസ്തികൾ- അവലോകനം | നിലനിൽക്കുന്നു |
| 2013-14, 2014-15 | 2(1),2(3) | 2016-17 | അനുബന്ധം | 2(1) വസ്തു നികുതി പിരിവ് അപാകതകൾ 2(3)തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു. |
| 2015-16 | 2(2) | 2016-17 | അനുബന്ധം | 2(2) ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി | നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

*എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക*

ഇല്ല

*ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ /ഈടാക്കാനവശേഷിക്കുന്ന തുക*

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997/98 | 35(2) | സി.പി മൊയ്തീൻകുട്ടി സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | എൽ.എഫ്2428/ സ്പെഷ്യൽ സെൽ/എസ്.സി /05/16.11.2006 | 3000 | 1500, 6950/53 /6.11.2000 | 0 | 0 | 0 | 1500 | 1500 |
| 2 | 1997/98 | 36(3) | തുളസീഭായ്, സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | എൽ.എഫ്2428/ സ്പെഷ്യൽ സെൽ/എസ്.സി /05/16.11.2006 | 1000 | 1000, 22624/95 /21.01.2006 | 0 | 0 | 0 | 1000 | 0 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16,38,83,836 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 14,92,34,428 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 818583 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 70000 | ശ്രീമതി.അയിഷ റഹ്ഫത്ത് കോയ, സെക്രട്ടറി |
| 1-27 | 152964 | |
| 1-28 | 140000 | |
| 1-29 | 37424 | |
| 1-30 | 14040 | |
| 1-31 | 33357 | |
| 1-32 | 259883 | |
| 1-35 | 7635 | മഹേഷ് ഒ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 | 103280 | മഹേഷ് ഒ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 2000-01 | കെഎസ്എംപിഎം10/2137/2022 (4) തീയതി 1.10.2022 | 01 |
| 2 | 2004-05 | കെഎസ്എംപിഎം10/2137/2022 (8) തീയതി 1.10.2022 | 01 |
| 3 | 2005-06 | കെഎസ്എംപിഎം10/2137/2022 (9) തീയതി 1.10.2022 | 02 |
| 4 | 2006-07 | കെഎസ്എംപിഎം10/2137/2022 (10) തീയതി 1.10.2022 | 03 |
| 5 | 2007-08 | കെഎസ്എംപിഎം10/2137/2022 (11) തീയതി 1.10.2022 | 02 |
| 6 | 2008-09, 9-10,2010-11 | കെഎസ്എംപിഎം10/248/2023 (1) തീയതി 26.05.2023 | 05 |
| 7 | 2011-12, 2012-13 | കെഎസ്എംപിഎം10/248/2023 (2) തീയതി 26.05.2023 | 06 |
| 8 | 2013-14, 2014-15 | കെഎസ്എംപിഎം10/248/2023 (3) തീയതി 26.05.2023 | 07 |
| 9 | 2015-16 | കെ.എസ്.എ.എം.പി.എം.14/3473/2016 തീയതി 15/02/18 | 17 |

| | | | |
|---|---|---|---|
| 10 | 2016-17 | കെ.എസ്.എ.എം.പി.എം14/1607/17 തീയതി 28.07.2018 | 17 |
| 11 | 2017-18 | കെ.എസ്.എ.എം.പി.എം.10/2403/2018 തിയ്യതി:01-06-2019 | 16 |
| 12 | 2018-19 | കെ.എസ്.എ.എം.പി.എം.10/1758/2019 തിയ്യതി:11-10-2019 | 15 |
| 13 | 2019-20 | കെ.എസ്.എ.എം.പി.എം.10/2139/2021 തിയ്യതി: 08-06-2022 | 09 |
| 14 | 2020-21 | കെ.എസ്.എ.എം.പി.എം.10/2140/2021 തിയ്യതി:08-06-2022 | 20 |
| 17 | 2021-2022 | കെ.എസ്.എ.എം.പി.എം.10/2577/2022 തിയ്യതി:17-04-2023 | 14 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 05-07-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thenhippalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thenhippalam Grama Panchayat for the year 2022-2023

Date: 07/09/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Thenhippalam Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.
a)Ratios
b)notes on accounts
c) comparative amounts of previous year.
2. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3.Lapses in making timely and accurate demand entries in respect of property tax.
4.Income over expenditure amount recorded wrongly in the abstract of Income and expenditure statement, although correctly carried over to balance sheet

5.monthly reconciliation of bank account statement is not done (Thenhipalam Service Co-operative Bank -ÂÂ Own fund 1084)
6.The asset value shown in balance sheet is not traceable to Asset Register due to unsupported design of existing Asset Register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്